# KANNUR UNIVERSITY

## MINUTES OF THE ANNUAL MEETING OF THE SENATE

**DATE: 24th MARCH 2021 (WEDNESDAY)**
**TIME: 10.00 AM**
**VENUE: ONLINE MEETING**

**MEMBERS PRESENT:**

1. Prof. Gopinath Ravindran (Vice-Chancellor)
2. Prof. Sabu.A (Pro-Vice-Chancellor)
3. Dr.T.P. Ashraf
4. Dr. Prasadan P.K
5. Dr. K.T Chandramohanan
6. Dr. P.P. Jayakumar
7. Sri. Pramod Kumar K.V
8. Sri. M.C. Raju
9. Prof. (Dr). Sreejith K
10. Prof.P.Mahesh Kumar
11. Prof.V.Lissy Mathew
12. Dr. Rakhi Raghavan
13. Smt. M Sreelekha
14. Dr. Johny Jose
15. Dr. Dominic Thomas
16. Sri. K.V. Unnikrishnan
17. Dr. M. Sini
18. Dr. Joby K Jose
19. Dr. Manjula K.V.
20. Sri. Jayakrishnan T.V.
21. Sri. Ismail Olayikkara
22. Sri. Shanavas S.M.
23. Dr. Swarupa R
24. Smt. Latha E.S.
25. Dr. R.K. Biju
26. Dr. Premachandran Keezhoth
27. Smt. Sona P.
28. Sri. Vijayakumar V
29. Dr. Suresh Kumar K.S.
30. Dr. Shanoj M.P.
31. Sri. Saju .P.J
32. Sri. Sethumadhavan T

Approved
Pro-Vice-Chancellor (VC i/c)

33. Sri. Satheesan P.K.
34. Adv. P. Appukuttan
35. Sri. Hassan M.K, Chairman, University Union

Also present: Sri.E.V.P Mohammed,Registrar (i/c)

4.01 Prof. Gopinath Ravindran, Vice-Chancellor took the chair and called the meeting to order at 10 am.

4.02 The meeting thereafter considered the items on the agenda.

I. **Questions asked by the Members of the Senate and answers thereto by the Syndicate**

Q.No. 1

Sri. VIJAYAKUMAR V

കോവിഡ് പശ്ചാത്തലത്തിൽ നടക്കുന്ന പരീക്ഷകൾ നിഷ്പക്ഷവും നീതിയുക്തവുമായി നടക്കുന്നതിനു വേണ്ടി അഡീഷണൽ ചീഫ് സൂപ്രണ്ടുമാരെ നിയമിക്കുന്നതിന് യൂണിവേഴ്സിറ്റി വീണ്ടും എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുക.

**ഉത്തരം - ഡോ. പ്രസാദൻ പി.കെ** : മാർച്ച്/ ഏപ്രിൽ 2020 സെഷൻ പരീക്ഷകൾക്കാണ് അഡീഷണൽ ചീഫ് സൂപ്രണ്ടുമാരെ നിയമിച്ചത്. പരീക്ഷാ കൺട്രോളറുടെ 04.03.2020 തീയ്യതിയിലെ കുറിപ്പ് പ്രകാരം ഏപ്രിൽ 2020 ലെ ആറാം സെമസ്റ്റർ യു ജി, നാലാം സെമസ്റ്റർ പി ജി പരീക്ഷകൾക്ക് അഡീഷണൽ ചീഫ് സൂപ്രണ്ടുമാരെ നിയമിച്ചിട്ടില്ല.

പരീക്ഷാ നടത്തിപ്പിലെ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി നിലവിൽ എക്സാമിനേഷൻ ഇൻസ്പെക്ഷൻ സ്ക്വാഡ് പരീക്ഷാ കേന്ദ്രത്തിൽ പരിശോധന നടത്തുന്നുണ്ട്.

4.03 സ്ക്വാഡിന്റെ പ്രവർത്തനം ഫലപ്രദമല്ലെന്നും, സ്ക്വാഡുകൾ വിസിറ്റുചെയ്യാത്ത ഒരുപാടു കോളേജുകളുണ്ടെന്നും ശ്രീ. വിജയകുമാർ വി അഭിപ്രായപ്പെട്ടു. പ്രസ്തുതകാര്യം പരിശോധിക്കാമെന്ന് ചെയർ ഉറപ്പു നൽകി.

Q.No. 2

Dr. R K BIJU

സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകളിൽ അദ്ധ്യാപക തസ്തികകൾ നിർണ്ണയിക്കുന്നത് എപ്രകാരമാണ്? ഓരോ പഠന വകുപ്പുകളിലും അനുവദിച്ച തസ്തികകൾ എത്രയാണ്? 01/04/2020 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(MS) NO. 155/2020/ H.Edn പ്രകാരം അദ്ധ്യാപക തസ്തികകളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എങ്ങിനെയാണ്? ഇല്ലെങ്കിൽ എന്താണ് കാരണം?

**ഉത്തരം - പ്രൊഫ.(ഡോ.) ശ്രീജിത്ത് കെ** : യു.ജി.സി മാനദണ്ഡമനുസരിച്ച് സർവ്വകലാശാലയുടെ ഒരു പഠനവകുപ്പിൽ 1 പ്രൊഫസർ, 2 അസ്സോസിയേറ്റ്

പ്രൊഫസർമാർ, 4 അസിസ്റ്റന്റ് പ്രൊഫസർമാർ എന്ന രീതിയിൽ പിരമിഡ് മാതൃകയിലാണ് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്. നിലവിൽ അനുവദിച്ച തസ്തികകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

Total sanctioned teaching posts at Kannur University departments as on 31.12.2020

| Name of the Department/ School | Total Sanctioned Post - 95 | | |
|---|---|---|---|
| | Professor | Associate Professor | Assistant Professor |
| Physics | - | 1 | 2 |
| Chemistry | - | 1 | 3 |
| Mathematics | - | 1 | 1 |
| Statistics | - | 1 | 1 |
| Life Science | 1 | 2 | 5 |
| English | 1 | 2 | 4 |
| Economics | - | 1 | 3 |
| Behavioral Science | - | 1 | 1 |
| Anthropology | 1 | 2 | 3 |
| Geography | - | 1 | 1 |
| Mass Communication & Journalism | - | - | 1 |
| Wood Science & Technology | - | 1 | 2 |
| History | - | - | 2 |
| Information Technology | 1 | 2 | 5 |
| Malayalam | - | 1 | 2 |
| Hindi | - | 1 | 1 |
| Rural & Tribal Sociology | - | - | 2 |
| Environmental Science | - | 1 | 1 |
| Kannada | - | - | - |
| Physical Education | - | 1 | 3 |
| Management Studies | 1 | 2 | 6 |
| Pedagogical Science | - | 1 | 1 |
| Law | - | 1 | 3 |
| Library & Information Sciences | - | 1 | 1 |
| Molecular Biology | - | 1 | 1 |
| Zoology | - | 1 | 2 |
| Music | - | 2 | 1 |
| Health Science | - | 1 | 2 |
| **Total** | **5** | **30** | **60** |

01/04/2020 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(MS) NO. 155/2020/H.Edn പ്രകാരം അദ്ധ്യാപക തസ്തികകളിൽ ഭേദഗതി വരുത്തിയിട്ടില്ല. ഇക്കാര്യം സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

4.04 ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ 2 അസിസ്റ്റനറ് പ്രൊഫസർ തസ്തികയും, ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിൽ 1 തസ്തികയും കൂടുതൽ അനുവദിച്ചതായി കാണുന്നുണ്ടെന്നും, കൂടാതെ 30.12.2020 ന് അനുവദിച്ചിട്ടുള്ള തസ്തികകൾ 1.4.2020 ന്റെ സർക്കാർ ഉത്തരവ് പരിഗണിക്കാതെയാണോ അനുവദിച്ചതെന്നും ഡോ. ആർ.കെ. ബിജു ഉപചോദ്യമുന്നയിച്ചു.

4.05 ഒന്നിൽ കൂടുതൽ പി.ജി. പ്രോഗ്രാമുകൾ ഓഫർ ചെയ്യുന്ന ഡിപ്പാർട്ട്മെന്റുകൾക്ക് കൂടുതൽ അദ്ധ്യാപകരെ നിയമിക്കാമെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. പ്രസാദൻ പി.കെ മറുപടി പറഞ്ഞു. രണ്ടാമത്തെ ഉപ ചോദ്യത്തിന് പരിശോധിച്ച് വ്യക്തത വരുത്താമെന്ന് ചെയർ അറിയിച്ചു.

Q.No. 3

Dr. SWARUPA R

നിലവിലുള്ള 2018 അഡ്മിഷൻ ഡിഗ്രി ആറാം സെമസ്റ്റർ, 2019 അഡ്മിഷൻ പിജി നാലാം സെമസ്റ്റർ പരീക്ഷകൾ ഏത് മാസം നടത്തുവാനാണ് ആലോചിക്കുന്നത്?

**ഉത്തരം - ഡോ. കെ.ടി ചന്ദ്രമോഹനൻ** : ആറാം സെമസ്റ്റർ ബിരുദം, നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദം (ഏപ്രിൽ 2020) പരീക്ഷകൾ മെയ് 5-ാം തീയ്യതി മുതൽ നടത്താൻ എക്സാം മോണിറ്ററിംഗ് കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്.

4.06 6-ാം സെമസ്റ്റർ പരീക്ഷാ തീയ്യതികൾ പ്രഖ്യാപിക്കുന്നതിന് മുമ്പ് പരീക്ഷാ ഏകോപന സമിതിയുടെ അഭിപ്രായങ്ങൾ തേടിയിരുന്നോ എന്ന് ഡോ. ആർ.കെ. ബിജു ഉപചോദ്യമുന്നയിച്ചു.

4.07 കോവിഡ് കാലത്ത് പരീക്ഷകൾ ഫലപ്രദമായി നടത്തുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച പരീക്ഷാ ഏകോപന സമിതി പിന്നീട് പരീക്ഷാ അക്കാദമിക്ക് ഏകോപന സമിതി എന്നാക്കി മാറ്റുകയും പ്രസ്തുത സമിതിയുടെ രണ്ട് യോഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ പറഞ്ഞു.
പിന്നീട് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാരുടെയും എക്സാം മോണിറ്ററിംഗ് കമ്മിറ്റിയുടെയും യോഗത്തിൽ പരീക്ഷാ തീയ്യതികൾ പ്രഖ്യാപിക്കുന്ന കാര്യം ചർച്ച ചെയ്യുകയും, അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമുന്നെ ഇക്കാര്യം പരീക്ഷാ അക്കാദമിക് ഏകോപന സമിതിയിൽ കൂടി ചർച്ചചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഡോ. കെ.ടി. ചന്ദ്രമോഹനൻ മറുപടി പറഞ്ഞു.

Q.No. 4

Dr. ISMAIL OLAYIKKARA

കേരള സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന നവകേരളം പദ്ധതിയെക്കുറിച്ച് സമൂഹത്തിന്റെ വിവിധ മേഖലയിലുള്ളവർ ചർച്ചകൾ നടത്തി വരികയാണല്ലോ. ഇതോടനുബന്ധിച്ച് യുവാക്കളുടെ

കർമ്മശേഷി വികസനത്തിനായി യൂണിവേഴ്സിറ്റി പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ?

<u>**ഉത്തരം**</u> **– ഡോ. രാഖി രാഘവൻ** : യുവാക്കളുടെ കർമ്മശേഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് എൻ.എസ്.എസ് യൂണിറ്റുകളുടെ കീഴിൽ 'ആപത്മിത്ര' എന്ന പേരിൽ ഒരു ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ദ്വിദിന ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ട്.

പാലയാട് ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ വിവിധ കോളേജുകളിൽ നിന്ന് സ്റ്റാർട്ട് അപ്പിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള സ്റ്റാർട്ട് അപ്പ് മിഷൻ കണ്ണൂർ സർവ്വകലാശാലയിലേക്ക് പ്രോട്ടോടൈപ്പ് വികസനത്തിന് സഹായിക്കുന്ന ഫാബ് ലാബ് നൽകാമെന്ന് ഏറ്റിട്ടുണ്ട്. അതിന്റെ അടിസ്ഥാന സൗകര്യത്തിനായി വരുന്ന ചെലവ് ആവശ്യപ്പെട്ട് ഒരു പ്രൊപ്പോസൽ കേരള ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലക്ക് കീഴിൽ വരുന്ന വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഇന്നവേറ്റീവ് മോഡൽസ് പ്രദർശിപ്പിക്കുന്ന ഒരു എക്സിബിഷൻ (CANNOVATION 20-21) നടത്താൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കാർഷിക മേഖലക്ക് ഉത്തേജനം നൽകുന്ന 'സ്മാർട്ട് ഫാമിംഗ്' പദ്ധതി സർവ്വകലാശാലയുടെ വിവിധ ക്യാംപസുകളിൽ ആരംഭിച്ചിട്ടുണ്ട്. എല്ലാ പഠന വകുപ്പുകളിലും വിവിധ 'Extension activities' വിഭാവനം ചെയ്തിട്ടുണ്ട്.

Q.No. 5

<u>Dr. SHANOJ M P</u>

നിലവിലുള്ള സിൻഡിക്കേറ്റ് വന്നശേഷം എത്ര അദ്ധ്യാപകർക്ക് അപ്രൂവൽ/ പ്രൊമോഷൻ എന്നിവ നൽകി? ഇതുമായി ബന്ധപ്പെട്ട് തീർപ്പാകാത്ത അപേക്ഷകൾ നിലവിലുണ്ടോ?

<u>**ഉത്തരം**</u> **– ശ്രീ. പ്രമോദ് കുമാർ കെ.വി** : നിലവിലെ സിൻഡിക്കേറ്റ് വന്നതിന് ശേഷം, സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ 9 അദ്ധ്യാപകർക്ക് പ്രൊമോഷൻ അനുവദിക്കുകയുണ്ടായി. 10 അദ്ധ്യാപക രുടെ അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

27 കോളേജ് അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകി. 42 കോളേജ് അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റവും നൽകി.

Q.No. 6

<u>Adv. P APPUKUTTAN</u>

കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള അൺ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് നൽകി വരുന്ന തുഛമായ ശമ്പളം വർദ്ധിപ്പിച്ച് ഏകീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

**ഉത്തരം - ഡോ. ടി.പി. അഷ്റഫ്** : 21.05.2018 തീയ്യതിയിൽ സിൻഡിക്കേറ്റ് റെസല്യൂഷൻ ഇനം നമ്പർ 2018.351 പ്രകാരം ഡോ ഖാദർ മാങ്ങാട് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് ടീച്ചർമാർക്കുള്ള അടിസ്ഥാന ശമ്പളം 10000/- രൂപ ആയിരിക്കണമെന്ന് സർവ്വകലാശാല ഉത്തരവ് U.O. No. Acad A1/3308/Misc/2014 dated 31.05.2018 പ്രകാരം കോളേജുകളെ അറിയിച്ചിട്ടുണ്ട്. കേരള സർക്കാർ വിജ്ഞാപനം ചെയ്ത സെൽഫ് ഫിനാൻസിംഗ് കോളേജ് ഓർഡിനൻസിന്റെ വെളിച്ചത്തിൽ മാനേജ്മെന്റ് അസോസിയേഷനുമായി സെൽഫ് ഫിനാൻസിംഗ് കോളേജ് മോണിറ്ററിംഗ് കമ്മിറ്റി 26/02/2021 ന് സേവന വേതന വ്യവസ്ഥകളെക്കുറിച്ച് ചർച്ച നടത്തുകയും തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

4.08 അനദ്ധ്യാപക ജീവനക്കാരുടെ വേതന പരിഷ്കരണം കൂടി ഇതിൽ ഉൾപ്പെടുത്തണം എന്ന് ശ്രീ. സതീശൻ പി.കെ അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം സർവ്വകലാശാലയുടെ പരിഗണനയിലാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി.പി. അഷ്റഫ് പറഞ്ഞു.

Q.No. 7

<u>Sri. SAJU P J</u>

കണ്ണൂർ സർവ്വകലാശാല ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിന്റെ വാർഷിക സ്റ്റേറ്റ്മെന്റ് ഏതു വർഷം വരെ കൊടുത്തിട്ടുണ്ട്? അതിനുശേഷം എന്തു കൊണ്ടാണ് ഇത് ജീവനക്കാർക്ക് നൽകാത്തത്? മുടക്കം വന്ന വാർഷിക സ്റ്റേറ്റ്മെന്റ്സ് എപ്പോൾ വിതരണം ചെയ്യും? ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ പലിശ കൃത്യസമയത്ത് ചേർക്കുന്ന കാര്യത്തിൽ എന്ത് തുടർ നടപടികളാണ് എടുക്കുക?

**ഉത്തരം - ഡോ. ടി.പി. അഷ്റഫ്** : കണ്ണൂർ സർവ്വകലാശാല ജീവനക്കാരുടെ പി.എഫ് വാർഷിക സ്റ്റേറ്റ്മെന്റ്, 2015-16 സാമ്പത്തിക വർഷം വരെ നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതലുള്ള മുഴുവൻ പലിശയും യഥാസമയം ട്രഷറിയിൽ നിന്ന് ലഭ്യമാകാത്തത് കാരണമാണ് പിന്നീട് വാർഷിക സ്റ്റേറ്റ്മെന്റ് നൽകാതിരുന്നത്. ഇപ്പോൾ, 2016-17 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ്മെന്റ്സ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. അതിനുശേഷം ഓരോ സാമ്പത്തിക വർഷത്തെയും സ്റ്റേറ്റ്മെന്റ്സ്, (2017-18, 2018-19, 2019-20) അതാത് വർഷത്തെ Reconciliation പ്രവർത്തികൾ ചെയ്ത് തീരുന്ന മുറയ്ക്ക് നൽകുന്നതാണ്. നിലവിൽ 2019-20 സാമ്പത്തിക വർഷം വരെയുള്ള പലിശ ട്രഷറിയിൽ ലഭ്യമായിട്ടുള്ളതും പ്രസ്തുത പലിശ അതാത് അംഗങ്ങളുടെ PF Account ൽ വരവ് വെച്ചിട്ടുള്ളതുമാണ്.

Q.No. 8

<u>Sri. VIJAYAKUMAR V</u>

കോവിഡ് കാലഘട്ടത്തിൽ നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോയ സർവ്വകലാശാല യൂജി, പിജി വിദ്യാർത്ഥികൾക്ക് വരും മാസങ്ങളിൽ സെമസ്റ്റർ പരീക്ഷകൾ നടക്കുകയാണല്ലോ. ഈ പരീക്ഷകളുടെ ചോദ്യപേപ്പറുകളുടെ

ഘടനയിൽ, പ്രസ്തുത സാഹചര്യം കണക്കിലെടുത്ത്, എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം നൽകുക.

**ഉത്തരം - ഡോ. ജയകുമാർ പി.പി** : ചോദ്യപേപ്പറുകളുടെ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. 16.02.2021 ലെ സിൻഡിക്കേറ്റ് തീരുമാനം ഐറ്റം നമ്പർ 2021.147 പ്രകാരം, 2021 മാർച്ച്/ ഏപ്രിൽ മാസത്തിൽ നടക്കുന്ന അവസാന സെമസ്റ്റർ യുജി/പിജി കോഴ്സുകളുടെ പരീക്ഷകളുടെ ചോദ്യപേപ്പറുകളിൽ കൂടുതൽ ചോയ്സുകൾ നൽകി ചോദ്യപേപ്പർ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4.09 കഴിഞ്ഞ സെമസ്റ്റർപരീക്ഷകളുടെ മൂല്യ നിർണ്ണയത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്നും, അത് യു.ജി/പി.ജി പരീക്ഷകൾക്ക് ബാധകമാണോ എന്നും ശ്രീ. വിജയകുമാർ വി ഉപചോദ്യമുന്നയിച്ചു.

4.10 V സെമസ്റ്റർ, III സെമസ്റ്റർ പരീക്ഷകൾ നടത്തിയപ്പോൾ ചോയിസുകൾ കൂട്ടാൻ സാധ്യതയുണ്ടായിരുന്നില്ലെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ പറഞ്ഞു. മേൽക്കാര്യം പരിഗണിച്ചുകൊണ്ട് മറ്റു സർവ്വകലാശാലകളിൽ ചെയ്യുന്നതുപോലെ ഒരു കൺവേർഷൻ ഫോർമുല രൂപീകരിച്ചു മാർക്കുനൽകുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രൊപ്പോസൽ തയ്യാറാക്കുകയും അത് വൈസ് ചാൻസിലറുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

Q.No. 9

<u>Smt. LATHA E S</u>

In the light of the announcement of the conduct of even semester examination in Arts and Science colleges to be held before the Assembly elections, the students and the teachers are greatly stressed. The stipulated time for a semester being 90 days - including the conduct of end semester examinations. But the tentative announcement of the even semester exam dates has hardly 40-45 days. How is it possible to complete all portions that have been designed for 75-80 days?

**ഉത്തരം - പ്രൊഫ. പി. മഹേഷ് കുമാർ** : Even Semester പരീക്ഷകൾ മെയ് മാസത്തിൽ നടത്താനാണ് എക്സാം മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത്. കൂടാതെ ക്ലാസ്സുകൾ ഓൺലൈൻ - ഓഫ്ലൈൻ മോഡിൽ നടക്കുന്നതിനാലും, എല്ലാ ശനിയാഴ്ചകളും പ്രവൃത്തി ദിനമായതിനാലും പരീക്ഷകൾക്കു മുന്നേ പാഠഭാഗം പഠിപ്പിച്ചു തീർക്കുന്നതിന് ആവശ്യമായ സമയം ലഭിക്കുന്നുണ്ട്.

4.11 ശ്രീമതി. ലത ഇ.എസ്സിന്റെ ഉപചോദ്യവുമായി ബന്ധപ്പെട്ട് സെമസ്റ്ററുകളുടെ ഘടനയിൽ മാറ്റം വരുത്തുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് തീരുമാനമെടുത്തിട്ടില്ലെന്നും കോവിഡിന്റെ ഒരു പ്രത്യേക സാഹചര്യം മനസ്സിലാക്കിക്കൊണ്ട് സെമസ്റ്ററുകളുടെയും, പരീക്ഷാ നടത്തിപ്പിന്റെയും കാര്യത്തിൽ പരിഹാര നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരികയാണെന്നും

അധികം വൈകാതെ തന്നെ പരീക്ഷകൾ നടത്താനാവുമെന്നും ഡോ. കെ.ടി. ചന്ദ്രമോഹനൻ മറുപടി പറഞ്ഞു.

4.12 IV സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി. ലത ഇ.എസ് ഉന്നയിച്ച ഉപചോദ്യത്തിനുത്തരമായി അദ്ധ്യയന വർഷം നഷ്ടപ്പെടാത്ത രീതിയിൽ റിസൾട്ട് ഉണ്ടാക്കാനുള്ള നടപടികളുമായാണ് സർവ്വകലാശാല മുന്നോട്ട് പോകുന്നതെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ മറുപടി പറഞ്ഞു.

4.13 കോവിഡുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ മനസ്സിലാക്കി അവയെ ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ തേടിക്കൊണ്ട് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടികളാണ് സർവ്വകലാശാല സ്വീകരിച്ചുവരുന്നതെന്ന് അദ്ദേഹം പറഞ്ഞു.

Q.No. 10

Sri. K V UNNIKRISHNAN

2002 ൽ അവസാനിച്ച 9-ാം പ്ലാൻ കാലഘട്ടത്തിൽ രാജ്യത്തെ സ്വാശ്രയ സ്ഥാപനങ്ങൾക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ (യു.ജി.സി) ധനസഹായം ലഭിച്ചിരുന്നു. പിന്നീട് സാമ്പത്തിക പ്രതിസന്ധിമൂലം സ്വാശ്രയ സ്ഥാപനങ്ങൾക്കുള്ള ധനസഹായം നിർത്തിവെക്കുകയാണ് ഉണ്ടായത്. എന്നാൽ പതിനൊന്നാം പ്ലാൻ പിരീഡിൽ അർഹതയുള്ള സ്വാശ്രയ സ്ഥാപനങ്ങൾക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ധനസഹായം ലഭ്യമാകും എന്ന വാർത്ത ഉണ്ടായിരുന്നു. പക്ഷേ യു.ജി.സി.യുടെ ധനസഹായം ലഭ്യമാകണമെങ്കിൽ മേൽപ്പറഞ്ഞ കോളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ ലഭിച്ച് section 2(f) & 12 (B) of the UGC Act 1956 ന്റെ പരിധിയിൽ വരണം. മുഴുവൻ കോളേജുകളൊന്നും വരില്ലെങ്കിലും കേരളത്തിലെ 50% കോളേജുകളെങ്കിലും ഉന്നതമായ പഠന നിലവാരവും മികവും പുലർത്തിപ്പോന്നവയാണെന്നുള്ള കാര്യം ശ്രദ്ധേയമാണ്. ഓരോ കോളേജിനും പ്രതിവർഷം അഞ്ചു കോടി രൂപയോളം ഇൻഫ്രാസ്ട്രക്ച്ചറൽ ഡവലപ്പ്മെന്റിനായി യു.ജി.സി. നൽകി വരുന്നുണ്ട്. ആയത് സമർത്ഥമായി ഉപയോഗിക്കാൻ പറ്റിയാൽ കേരളത്തിലെ സ്വാശ്രയ ഉന്നത വിദ്യാഭ്യാസ മേഖലയിൽകൂടി ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല. സ്വാശ്രയ കോളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ നൽകാനുള്ള ശുപാർശ സർവ്വകലാശാല സർക്കാരിനു നൽകുമോ?

**<u>ഉത്തരം</u> - ഡോ. ടി.പി. അഷ്റഫ്** : 26/02/2021 ന് ചേർന്ന സെൽഫ് ഫിനാൻസിംഗ് കോളേജ് മോണിറ്ററിംഗ് കമ്മിറ്റി പ്രസ്തുത വിഷയം പഠിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

Q.No. 11

Dr. R K BIJU

കഴിഞ്ഞ മൂന്ന് സെനറ്റ് മീറ്റിംഗുകളിൽ കൂടി ആകെ എത്ര പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്? അവയിൽ എത്ര പ്രമേയങ്ങളിൽ തുടർ നടപടികൾ

സ്വീകരിച്ചിട്ടുണ്ട്? ബാക്കിയുള്ള പ്രമേയങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണം എന്താണ്?

**ഉത്തരം - ഡോ. ടി.പി. അഷ്റഫ്** : കഴിഞ്ഞ മൂന്ന് സെനറ്റ് യോഗങ്ങളിലും കൂടി 119 പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. ഇതിൽ 72 പ്രമേയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയിൽ വരികയും സിൻഡിക്കേറ്റിന്റെ തീരുമാനമനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ബാക്കിയുള്ള 47 പ്രമേയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിക്കാനുണ്ട്.

Q.No. 12

Smt. LATHA E S

What is the sitting fee for the members of the Senate for the Senate meetings? How is the amount due paid to the members of the Senate.

**ഉത്തരം - ഡോ. കെ.ടി. ചന്ദ്രമോഹനൻ** : Eligible sitting fee for the members of the senate for attending senate meetings has been fixed at Rs.600/- (Rupees Six Hundred only). The amount is credited to the beneficiary's bank account.

4.14 ശ്രീ. കെ.വി ഉണ്ണികൃഷ്ണന്റെ ഉപചോദ്യത്തിനുത്തരമായി ഇനിവരുന്ന ഔദ്യോഗിക യോഗങ്ങളിൽ meeting invitation ന്റെ കൂടെ T.A. ബില്ലുകൾ അയച്ചു നൽകാമെന്ന് ചെയർ ഉറപ്പു നൽകി.

Q.No. 13

Sri. SHANAVAS S.M

സാധാരണയിൽ നിന്നും വ്യത്യസ്തമായി ഓൺലൈൻ മുഖേന മാത്രം ക്ലാസുകൾ നടത്തിയ അഞ്ചാം സെമസ്റ്റർ ഡിഗ്രി, മൂന്നാം സെമസ്റ്റർ പിജി പരീക്ഷകളുടെ മൂല്യ നിർണയത്തിന് പ്രത്യേകമായി വല്ല നടപടികളും കൈക്കൊണ്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

**ഉത്തരം - ശ്രീ. എം.സി. രാജു** : 03/03/2021 ന് ചേർന്ന എക്സാം മോണിറ്ററിംഗ് കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട നടപടികൾ പ്ലാൻ ചെയ്ത് വൈസ് ചാൻസിലർക്ക് സമർപ്പിച്ചിട്ടുണ്ട്.

Q.No. 14

Sri. K V UNNIKRISHNAN

ഒരു കോഴ്സിന്റെ ആത്മാവാണ് അതിന്റെ സിലബസ് എന്നത്. ഏതൊരു സർവ്വകലാ ശാലയിലും ഒരു റഗുലേഷനിൽ ഒരു കോഴ്സിന് ഒരു സിലബസ് എന്നതാണ് വ്യവസ്ഥ. എന്നാൽ വിചിത്രമായ ഒരു വ്യവസ്ഥയാണ് കണ്ണൂർ സർവ്വകലാശാല പിജി കോഴ്സുകൾക്കുള്ളത്. സർവ്വകലാശാലയുടെ വിവിധ പഠന വകുപ്പുകളിൽ ബിരുദാനന്തര ബിരുദത്തിന് ഒരു സിലബസ്സും കോളേജുകളിൽ മറ്റൊരു സിലബസ്സുമാണ് ഉള്ളത്. വ്യത്യസ്ത മായ സിലബസ്സുകളാണെങ്കിൽ രണ്ടിടത്തും റാങ്ക് ലഭിക്കും എന്നതാണ് ഇതിന് അനുകൂലമായി പറയുന്നവരുടെ ന്യായം. എന്നാൽ ഈ രണ്ടു തരം സിലബസ്സ്

സർവ്വകലാശാലയുടെ യശസ്സിനു കോട്ടം തട്ടുന്നു എന്ന കാര്യം വളരെ ഗൗരവതരമായി കാണേണ്ടുന്ന കാര്യമാണ്. ഒരു സർവ്വകലാശാലയിൽ ഒരു കോഴ്സിന് ഒരു സിലബസ്സ് എന്ന വ്യവസ്ഥ നടപ്പിലാക്കാൻ സർവ്വകലാശാല തയ്യാറാകുമോ?

**ഉത്തരം - പ്രൊഫ. വി. ലിസി മാത്യു** : സർവ്വകലാശാല പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും സിലബസ് ഏകീകരണം ധൃതിപിടിച്ച് നടത്തുവാൻ ആവില്ലെന്നും, മറിച്ച്, ഭാവിയിൽ വിശദമായ ചർച്ച നടത്തി തീരുമാനിക്കേണ്ടതാണെന്നും, 11/01/2019 നു ചേർന്ന സർവ്വകലാശാല പഠന വകുപ്പ് അദ്ധ്യക്ഷന്മാരുടെയും, പി ജി പഠന ബോർഡ് അദ്ധ്യക്ഷന്മാരുടെയും യോഗം ശുപാർശ ചെയ്തിട്ടുണ്ട് (ക്രമ നമ്പർ 1). അതോടൊപ്പം തന്നെ, സിലബസ് ഏകീകരണത്തെ ശക്തമായി എതിർത്തു കൊണ്ട് പഠന വകുപ്പുകളിൽ നിന്നും, വിദ്യാർത്ഥി സമൂഹത്തിൽ നിന്നും ഇ-മെയിലുകളുടെ ഒരു പ്രവാഹം തന്നെ ഉണ്ടായി. അക്കാദമിക് സമൂഹത്തിന്റെ വിവിധ കോണുകളിൽ, സിലബസ് ഏകീകരണം സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്.
ഇക്കാര്യത്തിൽ യു.ജി.സി റെഗുലേഷൻ കൃത്യമായി നടപ്പിലാക്കുമെന്ന് വൈസ് ചാൻസിലർ അറിയിച്ചിട്ടുണ്ട്.

4.15 UGC Regulation പ്രകാരം ഒരു programme ന് രണ്ടു വ്യത്യസ്ത സിലബസ്സ് പാടില്ലെന്നും ആയതിനാൽ അക്കാദമിക്ക് കൗൺസിൽ കൂടി സിലബസ് ഏകീകരണ വിഷയത്തിൽ എത്രയും പെട്ടന്ന് തീരുമാനമെടുക്കാമെന്നും ചെയർ പറഞ്ഞു.

4.16 കഴിഞ്ഞ വർഷത്തെ B A English കോഴ്സിന്റെ സിലബസ് BoS ന്റെ കാലാവധി കഴിഞ്ഞിട്ടും സിലബസ് പ്രസിദ്ധീകരിക്കുകയോ അതുമായി ബന്ധപ്പെട്ട് പുസ്തകങ്ങൾ നൽകുകയോ ചെയ്തിട്ടില്ലെന്നും ഇതിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഡോ. ആർ.കെ. ബിജുവിന്റെ ഉപചോദ്യത്തിനുത്തരമായി കോവിഡുമായി ബന്ധപ്പെട്ട ചെറിയ കാലതാമസമുണ്ടായിട്ടുണ്ടെന്നും എന്നാൽ ഇതുമായി ബന്ധപ്പെട്ട് വ്യപകമായി പരാതികളൊന്നും സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ലെന്നും സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

4.17 ഇംഗ്ലീഷ് കോമൺകോഴ്സിന്റെ സിലബസ്സും പുസ്തകങ്ങളും വളരെ വൈകിയാണ് ലഭിച്ചതെന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത് പറഞ്ഞു.

4.18 റഗുലേഷൻ പ്രകാരം ഒരു പ്രോഗ്രാമിന്റെ സിലബസ് piecemeal ആയി നൽകാമെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

4.19 എന്നാൽ വരും വർഷങ്ങളിൽ Syllabus മുന്നേ തന്നെ നൽകണമെന്ന് വൈസ് ചാൻസിലർ പറഞ്ഞു.

Q.No. 15

Sri. K V UNNIKRISHNAN

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിൽ നിന്നും അഫിലിയേഷൻ ഫീ ഈടാക്കുന്നത് അനുവദിച്ച കോഴ്സുകളുടെ അടിസ്ഥാനത്തിലാണ്. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിലുണ്ടായ സാമ്പത്തിക പ്രയാസവും പരാധീനത മൂലവും ഇപ്രാവശ്യം കോളേജുകളിൽ

ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്. ഈ പശ്ചാത്തലത്തിൽ ഈ വർഷത്തെ അഫിലിയേഷൻ ഫീസ് ഒഴിവാക്കാനുള്ള നടപടികൾ സർവ്വകലാശാല കൈക്കൊള്ളുമോ?

**ഉത്തരം** – **ഡോ. ടി.പി. അഷ്റഫ്** : നിലവിൽ അഫിലിയേഷൻ ഫീസ് ഒഴിവാക്കാനുള്ള നടപടികൾ ഒന്നും സർവ്വകലാശാലയുടെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടില്ല. 15.10.2020 ൽ നടന്ന സിൻഡിക്കേറ്റ് മീറ്റിഗിലെ തീരുമാന പ്രകാരം പിഴ ഇല്ലാതെ 2020-21 അദ്ധ്യയന വർഷത്തെ ഫീ ഒടുക്കുവാനുള്ള അവസാന തീയ്യതി ജൂലൈ 20, 2020 വരെ നീട്ടി കൊടുത്തിരുന്നു.

Q.No. 16

Sri. SATHEESAN P K

കണ്ണൂർ സർവ്വകലാശാലയിൽ ഗാന്ധിയൻ പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട് 'ഗാന്ധിയൻ ചെയർ' സ്ഥാപിക്കണമെന്ന് 20/12/20 ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർ പ്രവർത്തനം എന്തായി? ഇത് എവിടെയാണ് പ്രവർത്തനം നടത്തുവാൻ ഉദ്ദേശിക്കുന്നത്?

**ഉത്തരം** – **ശ്രീ. പ്രമോദ് കുമാർ കെ.വി** : 20.01.2020 തീയ്യതിയിലെ സിൻഡിക്കേറ്റ് തീരുമാനം ഇനം നമ്പർ. 2020.016 പ്രകാരം കണ്ണൂർ സർവ്വകലാശാലയിൽ ഗാന്ധിയൻ സ്റ്റഡീസ് വിഭാഗം സ്ഥാപിക്കുന്നതിനായി ഒരു വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി സിൻഡിക്കേറ്റ് അംഗം ഡോ. വി പി പി മുസ്തഫയെയും ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ് മേധാവിയേയും ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 10.02.2020 തീയ്യതിയിലെ കത്ത് നം. Acad. A1/16308/2017 പ്രകാരം പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മേൽ പറഞ്ഞ സമിതിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

Q.No. 17

Dr. SURESH KUMAR K S

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പഠന വകുപ്പുകൾ വിദ്യാർത്ഥികൾക്കും പൊതു സമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നുണ്ടോ? എല്ലാ ഡിപ്പാർട്ട്മെന്റിലും ഇത്തരം കോഴ്സുകൾ തുടങ്ങാനാവശ്യമായ എന്തെങ്കിലും തീരുമാനങ്ങൾ നിലവിലുണ്ടോ?

**ഉത്തരം** – **ഡോ. ടി.പി. അഷ്റഫ്** : ഉണ്ട്. ഡിപ്പാർട്ട്മെന്റുകളിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സിൻഡിക്കേറ്റ് തീരുമാനം അനുസരിച്ച് പുതിയ കോഴ്സുകൾ അനുവദിക്കാവുന്നതാണ്. നിലവിൽ ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തി വരുന്ന ഡിപ്പാർട്ട്മെന്റുകൾ:

| നം | ഡിപ്പാർട്ട്മെന്റ് | കോഴ്സുകൾ |
|---|---|---|
| 1 | ഫിസിക്കൽ എഡ്യുക്കേഷൻ | ഡിപ്ലോമ ഇൻ യോഗ |
| | | ഡിപ്ലോമ ഇൻ കളരിപ്പയറ്റ് |
| | | ഫിറ്റ്നസ് മാനേജ്മെന്റ് (സർട്ടിഫിക്കറ്റ് കോഴ്സ്) |
| | | സ്വിമ്മിങ് ട്രെയിനിങ് (സർട്ടിഫിക്കറ്റ് കോഴ്സ്) |

| | | |
|---|---|---|
| 2 | ഐ.ടി ഡിപ്പാർട്ട്മെന്റ് | പി ജി ഡിപ്ലോമ ഇൻ ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് |
| 3 | കന്നഡ ഡിപ്പാർട്ട്മെന്റ് | ഡിപ്ലോമ ഇൻ തുളു |
| | | ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ ആൻഡ് കൊമേർഷ്യൽ അറബിക് |

Q.No. 18

Dr. ISMAIL OLAYIKKARA

കോവിഡ് കാലത്തെ പരീക്ഷകൾ സാധാരണയിൽ നിന്നും വ്യത്യസ്തമായി ആണല്ലോ നടത്തി വരുന്നത്. ഇത് സ്വാഭാവികമായും വിദ്യാർത്ഥികളിൽ മാനസിക പിരിമുറുക്കവും ആശങ്കയും സൃഷ്ടിക്കും. ഇത്തരം പ്രയാസങ്ങൾ ദൂരീകരിക്കുവാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്?

**ഉത്തരം – ഡോ. കെ.ടി. ചന്ദ്രമോഹനൻ** : കോവിഡ് കാല പരീക്ഷാ നടത്തിപ്പിനായി അദ്ധ്യാപകരും വിദ്യാർത്ഥി പ്രതിനിധികളും ആരോഗ്യ പ്രവർത്തകരും മറ്റും അടങ്ങിയ പരീക്ഷാ കോർഡിനേഷൻ കമ്മിറ്റികൾ എല്ലാ കോളേജുകളിലും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ സർവ്വകലാശാല തലത്തിൽ അക്കാദമിക്-പരീക്ഷാ കോർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കോവിഡ് കാല പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അദ്ധ്യാപകരും വിദ്യാർത്ഥികളും പരീക്ഷാ കേന്ദ്രത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓരോ കോളേജുകളിലെയും / ക്യാമ്പസുകളിലെയും പരീക്ഷാർത്ഥികളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ചില പരീക്ഷകളും, പരീക്ഷാ കേന്ദ്രങ്ങളും ക്രമീകരിച്ചിട്ടുണ്ട്. പരീക്ഷാ ഹാളിലെ ഇൻവിജിലേറ്റർ – പരീക്ഷാർത്ഥി അനുപാതം 1:20 എന്നാക്കിയിട്ടുണ്ട്. ചോദ്യപേപ്പറുകളുടെ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. 16.02.2021 ലെ സിൻഡിക്കേറ്റ് തീരുമാനം ഐറ്റം നമ്പർ 2021.147 പ്രകാരം, 2021 മാർച്ച്/ ഏപ്രിൽ മാസത്തിൽ നടക്കുന്ന അവസാന സെമസ്റ്റർ യുജി/പിജി കോഴ്സുകളുടെ പരീക്ഷകൾക്ക് ചോദ്യങ്ങളിൽ കൂടുതൽ ചോയിസുകൾ നൽകി ചോദ്യപേപ്പർ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Q.No. 19

Dr. SHANOJ M P

പൂർണമായും ഓൺ ലൈൻ ആയി നടന്ന സെമസ്റ്ററുകളുടെ പരീക്ഷകൾ വിദ്യാർത്ഥികളുടെ പഠന സാഹചര്യങ്ങളെ കണക്കിലെടുത്ത് ചോദ്യപേപ്പറുകൾ ചോദ്യങ്ങളിൽ കൂടുതൽ ചോയിസ് നൽകി തയ്യാറാക്കാനും മൂല്യനിർണ്ണയം ലിബറൽ ആക്കാനും ഉള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** – 2021 മാർച്ച് / ഏപ്രിൽ മാസത്തിൽ നടക്കുന്ന അവസാന സെമസ്റ്റർ യുജി/പിജി കോഴ്സുകളുടെ പരീക്ഷകളുടെ ചോദ്യപേപ്പർ ഘടനയിൽ അധിക ചോയിസ് നൽകി മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 03/03/2021 ന് ചേർന്ന എക്സാം മോണിറ്ററിംഗ് കമ്മിറ്റിയിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാൻ തീരുമാനമായിട്ടുണ്ട്.

Q.No. 20

Sri. SHANAVAS S.M

2013 അഡ്മിഷൻ ബിസിഎ വിദ്യാർത്ഥികൾക്ക് വേണ്ടി, 2018 നവമ്പറിൽ നടന്ന സപ്ലിമെന്ററി പരീക്ഷയുടെ പുനർ മൂല്യനിർണ്ണയത്തിന്റെ ഫലം ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. എന്ത് കൊണ്ടാണ് ഈ ഫലപ്രഖ്യാപനം ഇത്രയും വൈകുന്നത്?

**ഉത്തരം** - 2013 അഡ്മിഷൻ ബിസിഎ വിദ്യാർത്ഥികൾക്കുവേണ്ടി 2018 നവംബറിൽ നടന്ന സപ്ലിമെന്ററി പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ ഉത്തരപേപ്പറുകൾ പുനർമൂല്യ നിർണ്ണയത്തിന് തയ്യാറാക്കാനായി കണ്ടെടുക്കാൻ സാധിച്ചിട്ടില്ല. അതിനാലാണ് പുനർ മൂല്യനിർണ്ണയ ഫലം പ്രസിദ്ധീകരിക്കാതിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹു. വൈസ് ചാൻസിലറുടെ ഉത്തരവു പ്രകാരം 19.02.2021, 20.02.2021 എന്നീ തീയ്യതികളിൽ റിപ്പോർട്ട് സമർപ്പിക്കുകയും തുടർനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

Q.No. 21

Dr. M SINI

പ്ലാസ്റ്റിക്ക് രഹിത ക്യാമ്പയിൻ, കണ്ണൂർ ജില്ലയിൽ 2016 ൽ തുടക്കമിട്ടതിന്റെ ഭാഗമായി ജില്ലയിലെ പ്രൈമറി തലം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ വേർതിരിച്ച് അതാതു ഗ്രാമപഞ്ചായത്തിനു കീഴിലെ ഹരിതകർമ്മസേന വഴി പുനരുപയോഗ്യ മാക്കാൻ വിവിധ Shredding Unit കൾക്ക് കൈമാറുകയാണ് ചെയ്യുന്നത്.
കണ്ണൂർ സർവ്വകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ ഇത്തരത്തിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ സുസ്ഥിര വിനിയോഗം (Sustainable disposal) ഉറപ്പുവരുത്തുന്ന സംവിധാനം നിലവിലുണ്ടോ?

**ഉത്തരം** - തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ വേസ്റ്റ് മാനേജ്മെന്റ്, ബയോ ഡൈവേഴ്സിറ്റി പ്രോഗ്രാമുകൾ നടത്തുക എന്ന ഉദ്ദേശ്യത്തോടെ, കണ്ണൂർ യൂണിവേഴ്സിറ്റി എൻ.എസ്.എസ് സെല്ലിന്റെ കീഴിൽ ഉർവ്വരം 19 എന്ന പ്രൊജക്ട് (URVARAM) No. DSS/A2/NSS/4132/ URVARAM 2019 തീയ്യതി 08/11/19 ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

ഉർവ്വരം പദ്ധതിയുടെ ഭാഗമായി പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ എല്ലാ യൂണിറ്റുകളിലും ദത്തുഗ്രാമങ്ങളിലും നടന്നു. പലയിടങ്ങളിലും (യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ ഉൾപ്പെടെ) ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. ചില യൂണിറ്റുകൾ പേപ്പർ ബാഗുകളും പേപ്പർ പേനകളും നിർമ്മിച്ച് വിതരണം ചെയ്തു. പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ സുസ്ഥിര വിനിയോഗത്തിനായുള്ള സ്ഥിരം സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

Q.No. 22

Dr. R K BIJU

കണ്ണൂർ സർവ്വകലാശാല മികച്ച എൻ.സി.സി. ANO ക്ക് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നുവോ? ഉണ്ടെങ്കിൽ ഏതൊക്കെ വർഷങ്ങളിലാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്? പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് അവാർഡ് നൽകിയിരുന്നോ? ഇല്ലെങ്കിൽ എന്താണ് കാരണം?

**ഉത്തരം** – കണ്ണൂർ സർവ്വകലാശാല മികച്ച എൻ.സി.സി ഓഫീസർമാർക്ക് (ANO) അവാർഡ് നൽകുന്നതിലേക്കായി 2016-17, 2017-18 വർഷങ്ങളിൽ അപേക്ഷ ക്ഷണിച്ചിരുന്നു. 2016-17 വർഷത്തെ അവാർഡ് വിതരണം 27/10/2018 ന് നടത്തിയിട്ടുണ്ട്. 2017-18 വർഷത്തിനൊപ്പം തന്നെ 2018-19 വർഷത്തെ അവാർഡ് വിതരണവും ഒരുമിച്ചു നടത്താമെന്ന ധാരണയിൽ 2018-19 വർഷത്തെ അപേക്ഷകൾ കൂടി ക്ഷണിക്കാനുള്ള നടപടികൾ തുടങ്ങിയെങ്കിലും കോവിഡ്-19 ന്റെ പ്രത്യേക സാഹചര്യത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ തുടർനടപടികൾ കൈക്കൊള്ളാൻ സാധിച്ചിരുന്നില്ല. എന്നാൽ അവാർഡ് ദാനത്തിനുള്ള നടപടികൾ ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്.

Q.No. 23

Sri. SATHEESAN P K

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പരീക്ഷ വേതനങ്ങൾ അവസാനമായി പരിഷ്കരിച്ചത് 28/03/2012 തീയ്യതി ഉത്തരവ് നമ്പർ UO.No.CEO/3/Remn.etc(1) പ്രകാരമാണ്. ഇത് സംബന്ധിച്ച് കഴിഞ്ഞ വർഷത്തെ സെനറ്റ് മീറ്റിങ്ങിൽ ചോദ്യം ഉന്നയിക്കപ്പെട്ടതാണ്. പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയിൽ സമർപ്പിച്ച് തീരുമാനം ആകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് 20/12/2020 ന്റെ സെനറ്റ് യോഗത്തിൽ അറിയിച്ചതാണ്. തുടർ നടപടികൾ ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ?

**ഉത്തരം** – അനദ്ധ്യാപക ജീവനക്കാരുടെ പരീക്ഷാ വേതനം പരിഷ്കരിക്കുന്ന കാര്യം സിൻഡിക്കേറ്റിന്റെ പരീക്ഷാ ഉപസമിതി പരിശോധിച്ച് വരികയാണ്.

Q.No. 24

Dr. M SINI

കണ്ണൂർ സർവ്വകലാശാല, പാലയാട് ക്യാമ്പസ്സിലെ WiFi നെറ്റ് വർക്ക് കണക്റ്റിവിറ്റി ചില പഠന വകുപ്പുകളിലും, ഹോസ്റ്റൽ, ഗസ്റ്റ് ഹൗസ് എന്നിവിടങ്ങളിലും പ്രവർത്തന ശൂന്യമായിട്ട് വർഷങ്ങളായി. സർവ്വകലാശാല ഇതുമായി ബന്ധപ്പെട്ട Annual Maintenance കരാർ പുതുക്കാത്തതു കാരണമാണ് അത് പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നത്. പ്രസ്തുത വിഷയ പരിഹാരത്തിന് സർവ്വകലാശാല എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം** -പാലയാട് ക്യാമ്പസ്സിലെ WiFi നെറ്റ് വർക്ക് കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് - പാലയാട് ക്യാമ്പസ്സിൽ മൊത്തം WiFi കണക്റ്റിവിറ്റി നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ബാഹ്യവിദഗ്ധരുടെ

സഹായത്തോടെ വിശദമായ സർവ്വെ നടത്താനും, ഇടക്കാല കണക്ടിവിറ്റി അതുവരെ ഉറപ്പാക്കാനും വൈസ് ചാൻസിലർ ഉത്തരവിട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനു വേണ്ടി ഡയറക്ടർ, IT സെന്ററിനോട് U.O.Note No. PLD/B2/2599/DATA CENTRE/2020 dated 23.02.2021 മുഖാന്തിരം അഭ്യർത്ഥിച്ചിട്ടുണ്ട്.

Q.No. 25

Smt. SONA P

കണ്ണൂർ സർവ്വകലാശാല ഫിസിക്കൽ എജ്ജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഫിറ്റ്നസ് മാനേജ്മെന്റ്, കളരിപ്പയറ്റ്, യോഗ, സ്വിമ്മിംഗ് ട്രെയ്നർ എന്നീ ഡിപ്ലോമ കോഴ്സുകൾ മുൻപ് നടത്തിയിട്ടുണ്ട്. പിന്നീട് ഇവ നിർത്തലാക്കി. വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സ് എന്ന നിലയിൽ ഏറെ പ്രയോജനകരമായിരുന്നു ഈ കോഴ്സുകൾ. ഇവ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കുമോ?

**ഉത്തരം** - സർവ്വകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസ്സിലെ ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിൽ നടത്തി വരുന്ന ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അഡ്മിഷൻ നടത്തുന്നതിനായി 2019-20 ആദ്ധ്യയന വർഷം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വകുപ്പ് മേധാവിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും 15.09.2020 നു ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാന പ്രകാരവും 2020-21 അദ്ധ്യയന വർഷത്തിൽ മേൽ പറഞ്ഞ കോഴ്സുകളിലേക്ക് കോവിഡ് പശ്ചാത്തലത്തിൽ അഡ്മിഷൻ നടത്തിയിട്ടില്ല.

Q.No. 26

Dr. SURESH KUMAR K S

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ആസ്ഥാന മന്ദിരം സ്ഥിതിചെയ്യുന്ന താവക്കര ക്യാമ്പസിന് ആവശ്യമായ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ഇന്റലിജൻസ് അന്വേഷണത്തിന്റെ നിലവിലുള്ള സ്റ്റാറ്റസ് എന്താണ്?

**ഉത്തരം** - കണ്ണൂർ സർവ്വകലാശാല താവക്കര ക്യാമ്പസിനായുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട അന്വേഷണത്തിന് വിജിലൻസ് ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ട്.

Q.No. 27

Sri. SAJU P J

2020 ൽ നടന്ന സെനറ്റ് യോഗങ്ങളിൽ എത്ര പ്രമേയങ്ങൾ സെനറ്റ് യോഗം അംഗീകരിച്ചിട്ടുണ്ട്? സെനറ്റ് അംഗീകരിച്ചവയിൽ എത്ര എണ്ണം സിൻഡിക്കേറ്റിന്റെ പരിഗണനയിൽ വന്നിട്ടുണ്ട്?

**ഉത്തരം** - 2020-ൽ നടന്ന സെനറ്റ് യോഗങ്ങളിൽ 119 പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. ഇതിൽ 72 പ്രമേയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയിൽ വന്നിട്ടുണ്ട്.

Q.No. 28

Smt. SONA P

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മാങ്ങാട്ടുപറമ്പ ക്യാമ്പസിലെ സിന്തറ്റിക്ക് ട്രാക്ക്, സ്വിമ്മിംഗ് പൂൾ, ഇൻഡോർ സ്റ്റേഡിയം, മൾട്ടി ജിം എന്നിവ ആരുടെ അധികാര പരിധിയിലാണ്? ഇവ അഫിലിയേറ്റഡ് കോളേജിലെ വിദ്യാർത്ഥികൾക്കും യൂണിവേഴ്സിറ്റി ടീമുകൾക്കും പരിശീലനത്തിന് ഉപയോഗിക്കുന്നതിൽ എന്തെങ്കിലും തടസങ്ങളുണ്ടോ? ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം** - കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മാങ്ങാട്ടുപറമ്പ ക്യാമ്പസ്സിലെ സിന്തറ്റിക് ട്രാക്ക്, സ്വിമ്മിങ് പൂൾ, ഇൻഡോർ സ്റ്റേഡിയം, മൾട്ടി ജിം എന്നിവയുടെ ചുമതല ഡിപ്പാർട്ട്മെന്റ് ഒഫ് ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടർക്കാണ്. ഡയറക്ടർ നൽകുന്ന ശുപാർശയിന്മേൽ, മേൽ പരാമർശിച്ച സൗകര്യങ്ങൾ വിവിധ പരിപാടികൾക്കായി അനുവദിച്ച് നൽകാറുണ്ട്.

Q.No. 29

Smt. SONA P

കണ്ണൂർ യൂണിവേഴ്സിറ്റി സെനറ്റിന്റെ കഴിഞ്ഞ യോഗങ്ങളിൽ വിശദമായി ചർച്ച ചെയ്ത് തുടർനടപടികൾക്കായി സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വിട്ട പ്രമേയങ്ങളിൽ എന്തെല്ലാം തുടർ നടപടികളാണ് എടുത്തിട്ടുള്ളത്? ഏതെങ്കിലും പ്രമേയങ്ങളിൽ നടപടി കൈക്കൊള്ളാൻ ബാക്കിയുണ്ടോ?

**ഉത്തരം** - സെനറ്റിന്റെ കഴിഞ്ഞ യോഗങ്ങളിൽ പാസ്സാക്കിയ പ്രമേയങ്ങളിൽ 72 പ്രമേയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയിൽ വരികയും സിൻഡിക്കേറ്റിന്റെ തീരുമാനമനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ബാക്കിയുള്ള 47 പ്രമേയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിക്കാനുണ്ട്.

Q.No. 30

Dr. ISMAIL OLAYIKKARA

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ രജത ജൂബിലി ആഘോഷത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് യൂണിവേഴ്സിറ്റിയുടെ വികസനത്തിന് ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്? പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സെനറ്റുമായി കൂടിയാലോചന നടത്തുന്നുണ്ടോ?

**ഉത്തരം** - രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി യൂണിവേഴ്സിറ്റി വികസനത്തിനായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സെനറ്റുമായി കൂടിയാലോചന നടത്താവുന്നതാണ്.

# KANNUR UNIVERSITY

Revised Silver Jubilee Development Plan 2020-21

| Sl No | Project/ Proposal | Amount Required (in Lakhs) | Remarks |
|---|---|---|---|
| 1 | Acquisition of 1.07 acres of land at Thavakkara for 'Pareeksha Bhavan' | 830.00 | The head quarters at Thavakkara lacks enough land for its further expansion to meet the growing requirements. As per the Syndicate decision No. 2019.069 dated 31.01.2020 it is resolved to acquire 1.07 Acres of adjacent land to build up a separate Pareeksha Bhavan for Kannur University |
| 2 | Construction of Pareeksha Bhavan Building at Thavakkara | 920.00 | A separate block with modern amenities for examination wing to enhance the efficiency and security to cater to an increasing number of examinees. |
| 3 | Silver Jubilee Arch Gate with security Cabin | 50.00 | Construction of an Arch Gate at the main entrance of Thavakkara Campus to commemorate the Silver Jubilee Year. |
| 4 | International Guest House at Thavakkara Campus | 200.00 | To accommodate visiting faculties, guests and other stake holders par with international standers. |
| | Total | 2000.00 | |

Q.No. 31

Adv. P APPUKUTTAN

സപ്തഭാഷാ സംഗമ ഭൂമിയായി അറിയപ്പെടുന്ന കാസർഗോഡ് ജില്ലയിൽ ഒരു ബഹു ഭാഷാ പഠന കേന്ദ്രം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കാമോ?

**ഉത്തരം** - പ്രസ്തുത ആശയം സർവ്വകലാശാല സിൻഡിക്കേറ്റ് യോഗങ്ങളിൽ നേരത്തെ ചർച്ച ചെയ്തിട്ടുള്ളതാണ്. സിൻഡിക്കേറ്റ് ഇതുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതാണ്.

Q.No. 32

Dr. SHANOJ M P

എച്ച്.ഒ.ഡി റൊട്ടേഷൻ സംബന്ധിച്ച് യൂണിവേഴ്സിറ്റി എന്തെങ്കിലും നടപടി ക്രമങ്ങൾ ചെയ്തിട്ടുണ്ടോ?

**ഉത്തരം** - Acad B3/GEN/09 dated 11.01.2010 നമ്പർ ഉത്തരവ് പ്രകാരം മൂന്ന് വർഷത്തേക്ക്, റൊട്ടേഷൻ അടിസ്ഥാനത്തിലാണ് സർവ്വകലാശാല പഠന വകുപ്പിൽ എച്ച്.ഒ.ഡി റൊട്ടേഷൻ പാലിക്കുന്നത്. അടുത്ത അദ്ധ്യയന വർഷം മുതൽ കോളേജുകളിലും എച്ച്.ഒ.ഡി. റൊട്ടേഷൻ നടപ്പിലാക്കാൻ സിൻഡിക്കേറ്റ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

Q.No. 33

Sri. SHANAVAS S.M

യൂണിവേഴ്സിറ്റി തലത്തിൽ നടന്നു വരുന്ന വിവിധ ഡിഗ്രി, പിജി പരീക്ഷാ പേപ്പർ മൂല്യനിർണ്ണയത്തിൽ പങ്കെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? ഉണ്ടെങ്കിൽ അവ പാലിക്കപ്പെടാറുണ്ടോ? എത്ര വർഷത്തെ അദ്ധ്യാപന പരിചയം ആവശ്യമാണ്?

**ഉത്തരം** - കണ്ണൂർ സർവ്വകലാശാല ഓർഡിനൻസ് 1999 ചാപ്റ്റർ IV ക്രമ നമ്പർ 10 General Conditions for appointment of Examiners എന്നിവയാണ് മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്. 3 വർഷ അദ്ധ്യാപന പരിചയമുള്ള അദ്ധ്യാപകരെയാണ് എക്സാമിനർ ആയി നിയമിച്ചിട്ടുള്ളത്. സിൻഡിക്കേറ്റ് അംഗങ്ങൾക്ക് എക്സാമിനർഷിപ്പ് നൽകരുത്. 65 വയസ്സിന് മുകളിലുള്ള വരെ എക്സാമിനർമാരായി തുടരാനോ നിയമിക്കാനോ അനുവദിക്കരുത്. അദ്ധ്യാപക വൃത്തി ചെയ്യുന്നതിൽ നിന്ന് ഒരു വർഷ കാലാവധി കഴിഞ്ഞ അദ്ധ്യാപകരെ തുടരാൻ അനുവദിക്കരുത്. മാനദണ്ഡങ്ങൾ പാലിക്കപ്പെടാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രം ഉത്തരവാദപ്പെട്ട അധികാരികളുടെ അനുമതി പ്രകാരം ചില ഇളവുകൾ അനുവദിക്കാറുണ്ട്.

Q.No. 34

Sri. VIJAYAKUMAR V

അഫിലിയേറ്റഡ് കോളേജ് അദ്ധ്യാപകർ പ്രൊമോഷനു വേണ്ടി അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ട UGC guideline അനുസരിച്ച് സർവ്വകലാശാല നിഷ്കർഷിക്കുന്ന എന്തെങ്കിലും 'പ്രൊഫോമാ (Proforma) സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണോ? പ്രൊമോഷനുമായി ബന്ധപ്പെട്ട് യു.ജി.സി. നിഷ്കർഷിക്കുന്ന നിബന്ധനകൾ ഉൾപ്പെടുത്തി എന്തെങ്കിലും സർക്കുലർ ലഭ്യമാണോ? ഉണ്ടെങ്കിൽ വിശദവിവരം.

**ഉത്തരം** - വെബ്സൈറ്റിൽ ലഭ്യമാണ്. പ്രൊമോഷനുകൾക്ക് യു.ജി.സി റഗുലേഷൻസിലെ വ്യവസ്ഥകൾ, അപ്രകാരം തന്നെ ബാധകമാണ്.

Q.No. 35

Dr. SURESH KUMAR K S

സാമൂഹിക വിഷയങ്ങളിൽ അന്ധവിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും പിൻബലത്തിൽ വൈകാരിക അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് സാമൂഹിക സ്പർദ്ധയും ചേരിതിരിവുകളും ഉണ്ടാക്കാനുള്ള ബോധപൂർവ്വമായുള്ള പ്രവർത്തനങ്ങൾ വർദ്ധിച്ചു വരികയാണ്. ഈ അവസരത്തിൽ ശാസ്ത്രബോധം വളർത്താനും യുക്തി വിചാരത്തോടെ പ്രശ്നങ്ങളെ വിശകലനം ചെയ്യാനും പ്രാപ്തമാക്കുന്ന തരത്തിൽ സാമൂഹിക ഉത്തരവാദിത്തം നിറവേറ്റാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് കണ്ണൂർ യൂണിവേഴ്സിറ്റി വിഭാവനം ചെയ്ത് നടപ്പാക്കുന്നത്?

**ഉത്തരം** – വിദ്യാർത്ഥികൾക്കിടയിൽ ശാസ്ത്രബോധം വളർത്താനും യുക്തിവിചാരത്തോടെ പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിന് പ്രാപ്തമാക്കാനും ഒട്ടനവധി പദ്ധതികൾ സർവ്വകലാശാല നടപ്പിലാക്കിയിട്ടുണ്ട്.

1. പഠന വകുപ്പുകളിലെ പല പിജി പ്രോഗ്രാമുകളിലും ഫിലോസഫി ഓഫ് സയൻസ് ഒരു കോഴ്സ് (Paper) ആയി തന്നെ സിലബസിൽ ഉൾപ്പെടുത്തി പഠിപ്പിക്കുന്നുണ്ട്. ഉദാ : MSc Applied Zoology, MSc Plant Science etc. മറ്റ് പ്രോഗ്രാമുകളിലും ഇത്തരം വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിനെ കുറിച്ച് ഗൗരവമായി ആലോചിച്ചിട്ടുമുണ്ട്.
2. പഠന വകുപ്പുകളിൽ പുതുതായി പ്രവേശനം നേടി വരുന്ന എല്ലാ വിഷയങ്ങളിലെ കുട്ടികൾക്കും ശാസ്ത്രബോധവും സാമൂഹിക ബോധവും വളർത്തണമെന്ന ആശയം മുൻനിർത്തി FOCUS എന്ന പേരിൽ സർവ്വകലാശാലയുടെ സാമ്പത്തിക സഹായത്തോടെ ഓറിയന്റേഷൻ പ്രോഗ്രാം കഴിഞ്ഞ മൂന്ന് വർഷമായി എല്ലാ പഠന വകുപ്പുകളിലും നടക്കുന്നുണ്ട്.

   ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട ദിവസങ്ങൾ പ്രത്യേക ദിനങ്ങളായി (ഉദാ: ദേശീയ ശാസ്ത്രദിനം, ഓസോൺ ദിനം etc) പഠന വകുപ്പുകളും കോളേജുകളും ആചരിക്കാറുണ്ട്.

   ഇതിന് പുറമെ IQAC മുൻകൈയെടുത്ത് എല്ലാ ക്യാമ്പസുകളിലും ശാസ്ത്രീയ ലേഖനങ്ങളും പ്രബന്ധങ്ങളും തയ്യാറാക്കുന്നതിനെ കുറിച്ചും പ്രസിദ്ധീകരിക്കുന്നതിനെ കുറിച്ചും ദേശീയ ശില്പശാലകൾ നടത്തിയിട്ടുണ്ട്.

Q.No. 36

Adv. P APPUKUTTAN

പല രീതിയിലുള്ള മാനസിക സമ്മർദ്ദങ്ങളിൽ വഴിതെറ്റി പോകുന്ന വിദ്യാർത്ഥികളെ അത്തരം സമ്മർദ്ദങ്ങളിൽ നിന്നും വിമുക്തരാക്കാൻ വേണ്ടത്ര കൗൺസിലിംഗ് സെന്റർ ആരംഭിക്കാമോ?

**ഉത്തരം** – സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിവിഹിതം ഉപയോഗിച്ച് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ മേൽനോട്ടത്തിൽ വിവിധ ക്യാമ്പസുകളിൽ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സെന്ററുകളിൽ വിദ്യാർത്ഥികൾ, അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ, സമീപവാസികൾ എന്നിവർക്കായി കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാണ്. ഈ സേവനങ്ങൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കു കൂടി ലഭ്യമാക്കുന്നതാണ്.

Q.No. 37

Smt. LATHA E S

In the election to the Academic Council held on 4th February 2021, it has been noted that there was no provision for Sociology. Sociology is a subject of study for various courses offered by the Kannur University. How is it that this subject has not been provided for in the Academic Council Elections? In this context who is authorized to draft and update the syllabus for Sociology.

**ഉത്തരം** - കണ്ണൂർ സർവ്വകലാശാല അക്കാദമിക് കൗൺസിലിലേക്ക് വിവിധ വിഷയങ്ങളിലെ അദ്ധ്യാപകരുടെ മണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പിന് സോഷ്യോളജി എന്ന വിഷയം ഉൾപ്പെടുത്തിയിരുന്നു. സോഷ്യോളജി വിഷയത്തിലെ അന്തിമ വോട്ടർപട്ടികയിൽ 2 പേർ മാത്രമാണ് ഉണ്ടായിരുന്നത്. കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്സ്, 1998 വ്യവസ്ഥ പ്രകാരം ഒരാൾ നാമനിർദ്ദേശ പത്രിക സമർപ്പിക്കുമ്പോൾ വോട്ടർപട്ടികയിൽ ഉൾപ്പെട്ട ഒരാൾ നിർദ്ദേശിക്കുകയും മറ്റൊരാൾ പിന്താങ്ങുകയും വേണം എന്നതുകൊണ്ട് പ്രസ്തുത വിഷയത്തിൽ ആരും തന്നെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നില്ല. ആയതിനാൽ സോഷ്യോളജി വിഷയത്തിൽ തിരഞ്ഞെടുപ്പ് ഉണ്ടായിരുന്നില്ല.
സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതാത് ബോർഡ് ഒഫ് സ്റ്റഡിസ് തീരുമാനമെടുക്കുന്നതാണ്.

## II. Business brought forward by the Members of the Syndicate and the Vice-Chancellor.

### i. Consider and pass resolution on the Annual Accounts for the year 2018-19 and Audit Report.

4.20 ചർച്ചയിൽ ആദ്യം പങ്കെടുത്ത ഡോ.ആർ.കെ. ബിജു ആന്വൽ എക്കൗണ്ട്സും ഓഡിറ്റ് റിപ്പോർട്ടും വിശദമായി പരിശോധിച്ചപ്പോൾ വളരെ പരിതാപകരമായ അവസ്ഥയാണ് കണ്ടതെന്ന് അഭിപ്രായപ്പെട്ടു. സർവ്വകലാശാല ക്യാഷ് കൗണ്ടറിന്റെ പ്രവർത്തനം സുതാര്യമല്ല എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നു. വിദ്യാർത്ഥികളിൽ നിന്നും അഡീഷണലായി വാങ്ങുന്ന 10/- രൂപയുടെ രസീതി നൽകുന്നില്ല എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നു. ഗവൺമെന്റ് ചട്ടമനുസരിച്ച് മരാമത്ത് പണികളിൽ ഏജൻസികൾക്ക് 20% മാത്രമെ മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കാൻ പാടുള്ളൂ എന്നിരിക്കെ, സർവ്വകലാശാല സിൻഡിക്കേറ്റ് 50% വരെ അഡ്വാൻസ് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ തന്നെ കൂടുതൽ പണം ഏജൻസികൾക്ക് അനുവദിച്ചിട്ടുണ്ട് വിവിധ ക്യാപസുകളിലെ ജോലികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. നീലേശ്വരത്ത് കുഴൽ കിണർ കുഴിക്കുന്നതിന് ഫണ്ട് അനുവദിച്ചതും KIIFB യുടെ വിശദമായ പദ്ധതി തയ്യാറാക്കുന്നതിന് Consultancy Agency ക്ക് തുക അനുവദിച്ചതും ക്രമപ്രകാരമല്ല. യൂണിവേഴ്സിറ്റി ആസ്ഥാനത്ത് Paper waste disposal ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല. അത് നിലവിൽ പ്രവർത്തിക്കുന്നുമില്ല.

ലാപ്ടോപ്പുകൾ വാങ്ങേണ്ടത് Keltron ൽ നിന്നാവണമെന്ന സർക്കാർ ഉത്തരവ് നിലവിലിരിക്കെ സ്വകാര്യ ഏജൻസികളിൽ നിന്നാണ് കോടിക്കണക്കിന് രൂപ ചെലവഴിച്ച് ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത്. ലൈബ്രറിയിൽ റഫറൻസ് ഗ്രന്ഥങ്ങൾ കുറവായതിനാൽ കൂടുതൽ പേരെ ലൈബ്രറിയിലേക്ക് ആകർഷിക്കാൻ കഴിയുന്നില്ല. വിദ്യാർത്ഥികളുടെ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടില്ല. ഇത്തരത്തിൽ ധാരാളം ക്രമക്കേടുകൾ ഓഡിറ്റ് റിപ്പോർട്ടിൽ

പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും തുടർന്ന് അന്വേഷണ വിധേയമാക്കണമെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു. മേൽ സാഹചര്യത്തിൽ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കാൻ കഴിയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

4.21 8 വർഷം കഴിഞ്ഞിട്ടും സർവ്വകലാശാലയിൽ സേവനാവകാശ നിയമം നടപ്പിലാക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്നും പ്രധാനപ്പെട്ട രേഖയായ Stock Register ലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ലെന്നും ഓരോ വാങ്ങലുകളും വ്യത്യസ്ത പേജുകളിലായി ചേർക്കുന്നുവെന്നും ഇനം തിരിച്ച് ചേർക്കുന്നില്ലെന്നുമുള്ള റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഗുരുതരമാണെന്നും ശ്രീ വിജയകുമാർ വി അഭിപ്രായപ്പെട്ടു.

4.22 മരാമത്ത് പ്രവർത്തികളിൽ സർവ്വകലാശാല ചട്ടങ്ങൾ പാലിക്കുന്നില്ലെന്ന് ശ്രീ. സതീശൻ പി.കെ അഭിപ്രായപ്പെട്ടു.

4.23 ആന്വൽ അക്കൗണ്ട്സ് പാസാക്കാൻ പാടില്ലെന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത് ആവശ്യപ്പെട്ടു.

4.24 ആന്വൽ അക്കൗണ്ട്സ് സാധാരണഗതിയിൽ ഓഡിറ്റിന് വിധേയമാക്കുമ്പോൾ ഓഡിറ്റ് പരാമർശം ഉണ്ടാവുക എന്നത് സ്വാഭാവികമാണെന്ന് ഡോ. ടി.പി. അഷ്റഫ് അറിയിച്ചു. ഓഡിറ്റിനുള്ള മറുപടി അതാത് കാലഘട്ടത്തിൽ സർവ്വകലാശാല നൽകുകയും അത് പരിഹരിക്കപ്പെടുകയുമാണ് പതിവ്.

4.25 ഗവൺമെന്റ് നൽകിയ ഫണ്ട് യഥാസമയം ഉപയോഗിച്ചിട്ടില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുമായിരുന്നെന്നും മുൻ സിൻഡിക്കേറ്റിന്റെ കാലത്ത് ഇങ്ങനെ സംഭവിച്ചിരുന്നെന്നും പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാനാണ് 20 ശതമാനത്തിൽ കൂടുതൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകേണ്ടി വന്നതെന്നും ഡോ. ടി.പി. അഷ്റഫ് അഭിപ്രായപ്പെട്ടു.

4.26 വളരെ ആസൂത്രിതമായി ഒരു പുകമറ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ഡോ. ആർ.കെ ബിജു ശ്രമിക്കുന്നതെന്ന് ഡോ. ജോബി.കെ.ജോസ് പറഞ്ഞു. മുൻകാലങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഡോ. ആർ.കെ. ബിജു കണക്കിലെടുക്കണമെന്നും വളരെ മാതൃകാ പരമായി ധന വിനിയോഗം നടത്തിയ സിൻഡിക്കേറ്റാണിതെന്നും ഡോ. ജോബി.കെ.ജോസ് അറിയിച്ചു. നേരത്തെ ഉന്നയിച്ച ആരോപണങ്ങൾ തള്ളിക്കളയണമെന്നും ഓഡിറ്റ് റിപ്പോർട്ട് പാസ്സാക്കണമെന്നും ഡോ. ജോബി.കെ.ജോസ് അറിയിച്ചു.

4.27 2012 മുതൽ 2017 വരെ ഇറക്കിയ സർക്കാർ ഉത്തരവുകൾ പ്രകാരം 20% മാത്രമേ അഡ്വാൻസ് കൊടുക്കാൻ പാടുള്ളൂ. ഫണ്ട് ലാപ്സ് ആകുമെന്ന് കരുതി മുഴുവൻ തുകയും അഡ്വാൻസായി കൊടുക്കുന്നത് സിൻഡിക്കേറ്റിന്റെ വിവേചനാധികാരത്തിൽ വരുന്നില്ല. ലൈബ്രറിയുമായി ബന്ധപ്പെട്ട് നിരവധി അന്വേഷണങ്ങൾ നടന്നെങ്കിലും യാതൊരു നടപടിയും സ്വീകരിക്കുവാൻ സിൻഡിക്കേറ്റിന് കഴിഞ്ഞിട്ടില്ല. പുകമറ സൃഷ്ടിച്ച് യഥാർത്ഥ വസ്തുതകൾ മറച്ചുവെക്കുന്നതെന്നും 155 ഇനം തസ്തികകൾ ഗവൺമെന്റ് അംഗീകാരമില്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും റിപ്പോർട്ട് അന്വേഷണ വിധേയമാക്കണമെന്നും ഡോ. ആർ.കെ. ബിജു ആവശ്യപ്പെട്ടു.

4.28 കണ്ണൂർ സർവ്വകലാശാല ലൈബ്രറി കെട്ടിടം യുഡിഎഫ് സിൻഡിക്കേറ്റ് നടത്തിയ അഴിമതിയുടെ കൂത്തരങ്ങിന്റെ ഭാഗമാണെന്ന് ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു. അമിനിറ്റി സെന്ററും ലൈബ്രറിയും താരതമ്യം ചെയ്താൽ രണ്ടു കാലഘട്ടം തമ്മിലുള്ള വ്യത്യാസം മനസ്സിലാവും. ഈ ഗവൺമെണ്ടിന്റെ കഴിഞ്ഞ 5 വർഷത്തിനിടയിൽ 111 സ്ഥിരം തസ്തികകളും 44 കരാർ നിയമനങ്ങളും അനുവദിച്ചിട്ടുണ്ടെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു. യോഗം അലങ്കോലമാക്കാനുള്ള ശ്രമങ്ങൾ തള്ളിക്കൊണ്ട് റിപ്പോർട്ട് പാസ്സാക്കണമെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു.

4.29 കൃത്യമായി പണി ഉറപ്പുവരുത്തിയിട്ടാണ് അഡ്വാൻസ് നൽകിയതെന്ന് ഡോ. ജോബി.കെ.ജോസ് അഭിപ്രായപ്പെട്ടു.

4.30 വളരെ ഗുരുതരമായ ആരോപണങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉള്ളതെന്നും അതിനാൽ റിപ്പോർട്ട് തള്ളിക്കളയണമെന്നും ഡോ. പ്രേമചന്ദ്രൻ കീഴോത്ത് അഭിപ്രായപ്പെട്ടു.

4.31 എല്ലാ അംഗങ്ങൾക്കും സംസാരിക്കാൻ അവസരം നൽകണമെന്ന് ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു.

4.32 വളരെ കൃത്യമായി നടത്തിയ ധനവിനിയോഗത്തെ മോശമായി ചിത്രീകരിക്കാനുള്ള സംഘടിത ശ്രമമാണ് ചിലർ നടത്തുന്നതെന്ന് ഡോ. ജോബി.കെ.ജോസ് അഭിപ്രായപ്പെട്ടു. വളരെ സുതാര്യമായ രീതിയിലാണ് സിൻഡിക്കേറ്റ് ധനവിനിയോഗം നടത്തിയിട്ടുള്ളത്. പരിഹരിക്കാൻ പറ്റാത്ത നിർദ്ദേശങ്ങൾ ഒന്നും റിപ്പോർട്ടിലില്ല. ആയതിനാൽ ആന്വൽ അക്കൗണ്ട്സും റിപ്പോർട്ടും പാസാക്കണമെന്നും ഡോ. ജോബി.കെ.ജോസ് അറിയിച്ചു.

4.33 ആന്വൽ അക്കൗണ്ട്സിലും ഓഡിറ്റ് റിപ്പോർട്ടിലും ഗുരുതരമായ പിഴവുകളാണുള്ളത്. കൃത്യമായ വിശദീകരണം നൽകാതെ റിപ്പോർട്ട് പാസ്സാക്കരുതെന്നും ശ്രീ. ഷാനവാസ് എസ്.എം അഭിപ്രായപ്പെട്ടു.

4.34 കഴിഞ്ഞ കാര്യങ്ങളെക്കുറിച്ച് പറയുന്നത് വെറും ഒഴിവു കഴിവാണെന്നും ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് വിശദമായ ചർച്ച വേണമെന്നും ശ്രീ. വിജയകുമാർ വി അഭിപ്രായപ്പെട്ടു.

4.35 സിൻഡിക്കേറ്റും വൈസ് ചാൻസിലറും സദുദ്ദേശപരമായി ചെയ്ത കാര്യങ്ങളെയാണ് വിമർശിക്കുന്നത്. സിൻഡിക്കേറ്റ് ചെയ്ത നല്ല കാര്യങ്ങളെ തമസ്കരിക്കാൻ ചില സെനറ്റ് മെമ്പർമാർ ബോധപൂർവ്വമായ ശ്രമമാണ് നടത്തുന്നതെന്നും ഇത് തള്ളിക്കളഞ്ഞുകൊണ്ട് റിപ്പോർട്ട് പാസ്സാക്കണമെന്നും ശ്രീമതി. സോന പി അഭിപ്രായപ്പെട്ടു.

**4.36 തുടർന്ന് പ്രമേയം വോട്ടിനിടാൻ ബഹുമാനപ്പെട്ട ചെയർ നിർദ്ദേശിച്ചു. റിപ്പോർട്ടിനനുകൂലമായി 21 വോട്ടും എതിർത്തുകൊണ്ട് 4 വോട്ടും ലഭിച്ചു. തുടർന്ന് 2018-19 വർഷത്തെ ആന്വൽ അക്കൗണ്ട്സും ഓഡിറ്റ് റിപ്പോർട്ടും പാസ്സാക്കിയതായി വൈസ് ചാൻസിലർ അറിയിച്ചു.**

4.37 തുടർന്ന് 2020 ലെ ആന്വൽ റിപ്പോർട്ട് ചർച്ചക്കെടുത്തു. ഇതിനിടെ ആന്വൽ അക്കൗണ്ട്സിനെക്കുറിച്ചും ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചും സംസാരിക്കണമെന്ന് ചില അംഗങ്ങൾ ആവശ്യപ്പെട്ടു.

4.38 ഇതിനിടെ നേരത്തെ നടന്ന വോട്ടെടുപ്പിൽ പങ്കെടുത്തിട്ടില്ലെന്നും പ്രസ്തുത വിഷയത്തെക്കുറിച്ച് സംസാരിക്കണമെന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. തുടർന്ന് വൈസ് ചാൻസിലർ 1 മിനിറ്റ് സംസാരിക്കാൻ ഡോ. ആർ.കെ ബിജുവിന് അനുമതി നൽകി. സംസാരിക്കണമെന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്തും ആവശ്യപ്പെട്ടു.

4.39 തുടർന്ന് സംസാരിച്ച ഡോ. ആർ.കെ ബിജു അഡ്മിന് കൂടുതൽ സ്വാതന്ത്ര്യമുള്ള സോഫ്റ്റ് വെയറും അംഗങ്ങൾക്ക് ഒരു തരത്തിലും സോഫ്റ്റ് വെയറിലേക്ക് ഇടപെടാനാകാത്ത പ്ലാറ്റ് ഫോമും ഉപയോഗിച്ചുകൊണ്ട്, ജനാധിപത്യ ധ്വംസനത്തിനെതിരെ തങ്ങൾക്ക് തങ്ങളുടെ കാര്യങ്ങൾ ബോധിപ്പിക്കാൻ ഒരു അവസരം തരാതിരിക്കുകയും കോടിക്കണക്കിന് രൂപയുടെ ക്രമക്കേടുള്ള ഓഡിറ്റ് റിപ്പോർട്ട് ചർച്ചക്കെടുക്കാതിരിക്കുകയും പാസ്സാക്കാൻ തയ്യാറല്ല എന്നറിയിച്ചിട്ടും ബഹുമാനപ്പെട്ട ചെയർ തങ്ങൾക്ക് സംസാരിക്കാൻ അവസരം തരാതെ ജനാധിപത്യ ശൈലിയിലല്ലാതെ വോട്ടെടുത്ത് പാസ്സാക്കിയതിൽ പ്രതിഷേധിച്ച് തങ്ങൾ സഭ ബഹിഷ്കരിക്കുകയാണെന്നും അറിയിച്ചു. തുടർന്ന് ഡോ. ആർ.കെ ബിജു ഉൾപ്പെടെ ഏതാനും അംഗങ്ങൾ യോഗം ബഹിഷ്കരിച്ചു.

## ii. Consider and pass resolution on the Annual Report 2020

4.40 തുടർന്ന് ആന്വൽ റിപ്പോർട്ട് 2020 ചർച്ചക്കെടുക്കുകയും തുടർന്ന് സംസാരിച്ച ഡോ. സുരേഷ് കുമാർ കെ.എസ് വളരെ വ്യവസ്ഥാപിതമായ രീതിയിൽ തയ്യാറാക്കിയ റിപ്പോർട്ടുകളാണ് പാസ്സാക്കിയിരിക്കുന്നതെന്നും സ്വാഭാവികമായും ഓഡിറ്റർമാർ ചില അപാകതകൾ ചൂണ്ടിക്കാട്ടാറുണ്ടെന്നും ഇതിന് സർവ്വകലാശാല ആവശ്യമായ തിരുത്തലുകൾ വരുത്താറാണ് പതിവെന്നും പറഞ്ഞു. കൂടാതെ ഓഡിറ്റ് പരാമർശങ്ങൾ പുകമറയാക്കിക്കൊണ്ട് മൊത്തം അഴിമതിയാണെന്നു വരുത്തിത്തീർക്കാനുള്ള സംഘടിത ശ്രമമാണ് ഡോ. ആർ.കെ. ബിജു നടത്തിയതെന്ന് അഭിപ്രായപ്പെട്ടു.

4.41 സമഗ്രമായി തയ്യാറാക്കിയ വാർഷിക റിപ്പോർട്ടാണിതെന്നും ഇത് അംഗീകരിക്കണമെന്നും ഡോ. ജോബി.കെ.ജോസ് അഭിപ്രായപ്പെട്ടു. ഇത് അംഗീകരിക്കുന്നതിനുള്ള പ്രയാസം കൊണ്ടാണ് ചിലർ സഭ ബഹിഷ്കരിച്ചതെന്നും എത്ര പേർ യോഗം ബഹിഷ്കരിച്ചുവെന്ന് വ്യക്തമാക്കണമെന്നും ഡോ. ജോബി.കെ.ജോസ് ആവശ്യപ്പെട്ടു.

4.42 വളരെ ജനാധിപത്യപരമായ രീതിയിലാണ് ചെയർ യോഗം നടത്തുന്നതെന്നും ചിലർ ജനാധിപത്യ രീതിയെ വെല്ലുവിളിക്കുന്നത് ഗൗരവമായി കാണണമെന്നും അഭിപ്രായം പറയുന്നവരുടെ അവകാശങ്ങൾ പോലും നിഷേധിക്കുന്ന സാഹചര്യം ഉണ്ടാവുകയാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. നമ്മൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുകയാണ് ഓഡിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**4.43 ചർച്ചകളെ തുടർന്ന് 2020 ലെ വാർഷിക റിപ്പോർട്ട് സഭ പാസ്സാക്കി.**

## III. Business brought forward by the members of the Senate.

Resolution No.1

Smt. SONA P moved the resolution.

സർവ്വകലാശാല പഠന വകുപ്പുകളിലെ ലാബ് സൗകര്യങ്ങൾ അഫിലിയേറ്റഡ് കോളേജുകളിലെ റിസർച്ച് സൂപ്പർവൈസിംഗ് അദ്ധ്യാപകർക്ക് കൂടി ഉപയോഗിക്കാനുള്ള അവസരം നൽകണമെന്നും, അഫിലിയേറ്റഡ് കോളേജുകളും സർവ്വകലാശാല പഠന വകുപ്പുകളും തമ്മിലുള്ള അക്കാദമിക ബന്ധം മെച്ചപ്പെടുത്തി ഗവേഷണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.44 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

4.45 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.2

പ്രമേയം - Sri. SAJU P J

സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർവ്വകലാശാല അധികാരികളോട് ആവശ്യപ്പെടുന്നു.

4.46 ശ്രീമതി. സോന പി പ്രമേയത്തെ പിന്താങ്ങി.

4.47 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.3

പ്രമേയം - Dr. R K BIJU

മൂല്യ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിൽ സർവ്വകലാശാല പരീക്ഷ വിഭാഗത്തിന്റെ കാര്യക്ഷമത പരിശോധിക്കണമെന്നും അദ്ധ്യാപകരിൽ ഉണ്ടാകുന്ന അധിക സമ്മർദ്ദം ഒഴിവാക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.48 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.4

പ്രമേയം - Dr. ISMAIL OLAYIKARA

സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള കേരള സർക്കാരിന്റെ പ്രവർത്തനങ്ങളുടെ ചുവടുപിടിച്ച് കണ്ണൂർ സർവ്വകലാശാലയിലെ ലൈബ്രറികളും ലാബുകളും 24 മണിക്കൂറും ഗവേഷകർക്ക് ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ അവയുടെ സമയക്രമം പുന:ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണ മെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.49 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

4.50 സെൻട്രൽ ലൈബ്രറി രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ആക്കിയിരുന്നെങ്കിലും ഡിപ്പാർട്ട്മെന്റുകളില്ലാത്തതിനാൽ ഉപയോഗം കുറവാണെന്നും ക്യാപസുകൾ ഉള്ള സ്ഥലത്താണെങ്കിൽ കുറച്ചുകൂടി ഉപയോഗം ഉണ്ടാകുമായിരുന്നു എന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു. ക്യാപസ് ലൈബ്രറികളിൽ ഇത് ആദ്യം പരിഗണിക്കട്ടെയെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

4.51 പ്രമേയം താവക്കര ക്യാപസിലൊഴികെ തത്വത്തിൽ അംഗീകരിച്ചു.

## Resolution No.5

പ്രമേയം - Sri. SATHEESHAN P K

കണ്ണൂർ സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി ക്ക് വിട്ട് വർഷങ്ങളായെങ്കിലും കണ്ണൂർ സർവ്വകലാശാലയിലെ ഡ്രൈവർ, സെക്യൂരിറ്റി ഗാർഡ് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന ആളുകളെ സ്ഥിരപ്പെടുത്താനുള്ള നീക്കത്തിൽ നിന്നും പിൻ വാങ്ങണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.52 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

## Resolution No.6

പ്രമേയം - Dr. SURESHKUMAR K.S

കോവിഡ് കാലയളവിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ നടന്ന ക്ലാസുകൾ എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ ലഭ്യമായിട്ടില്ല. ഇന്റർനെറ്റ്/ ഡാറ്റാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത ധാരാളം വിദ്യാർത്ഥികളുണ്ട്. ഈ സാഹചര്യത്തിൽ ഓൺലൈൻ സംവിധാനത്തിൽ നടന്ന സെമസ്റ്ററുകളുടെ പരീക്ഷാ മൂല്യനിർണ്ണയം വിദ്യാർത്ഥി സൗഹൃദപരമായിത്തന്നെ നടപ്പിലാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.53 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

4.54 ഡോ. കെ.ടി. ചന്ദ്രമോഹനൻ പ്രമേയത്തിന് അനുകൂലമായി സംസാരിച്ചു.

4.55 പ്രമേയം സഭ അംഗീകരിച്ചു.

## Resolution No.7

പ്രമേയം - Sri. VIJAYAKUMAR V

2019 ൽ നടപ്പിലാക്കിയ സിലബസ് പരിഷ്കരണം രണ്ടു വർഷം പിന്നിടുമ്പോൾ അതുമായി ബന്ധപ്പെട്ടുള്ള അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഒരു ഫീഡ്ബാക്ക് (Feedback) എടുക്കുന്നതിനുള്ള വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിന് അതാത് ബോർഡ് ഓഫ് സ്റ്റഡീസിന് (BOS) നിർദ്ദേശം നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.56 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.8

പ്രമേയം - Smt. LATHA E S

The appointment of Assistant Professors as guest faculty is done for one academic year, in Aided and Government colleges. This year in the light of the Covid Pandemic, the same was done only in December and January. The academic calendar has been terribly affected and there is a time lag of nearly four to five months. In the light of this situation, the University may request the Government to extend the appointment of Guest teachers for one more academic year – that is 2022. This is necessary as the semesters and examinations are running behind schedule. And it is likely to extend to April/May.

4.57 പ്രമേയാവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.9

പ്രമേയം - Sri. VIJAYAKUMAR V

Outcome Based Education - നുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് കൂടുതൽ വ്യാവസായിക പരിജ്ഞാനം നൽകുന്നതിനായി സർവ്വകലാശാല നേരിട്ട് മലബാർ മേഖലയിൽ വിജയകരമായി പ്രവർത്തിക്കുന്ന വ്യവസായങ്ങളുമായി ഒരു Memorandum Of Understanding (MOU) ഒപ്പുവെക്കണമെന്നും ആ വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ അഫിലിയേറ്റഡ് കോളേജുകൾക്ക് നൽകുകയും വിദ്യാർത്ഥികൾക്ക് കൂടുതൽ ഈ മേഖലയിൽ അറിവു ലഭിക്കുന്നതിന് സർവ്വകലാശാല മുൻകൈ എടുക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.58 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.10

പ്രമേയം - Dr. SHANOJ M P

കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ലൈബ്രറികളെ കണ്ണൂർ സർവ്വകലാശാലയുടെ ലൈബ്രറിയുമായി സഹകരിപ്പിച്ചു കൊണ്ട് പരസ്പര പങ്കാളിത്തത്തോടെ ജ്ഞാന കൈമാറ്റം ചെയ്യാൻ പറ്റുന്ന റിസോഴ്സ് ഷെയറിംഗ് കേന്ദ്രമായി കണ്ണൂർ യൂണിവേഴ്സിറ്റിയെ മാറ്റാൻ ഉതകുന്ന സംവിധാനം നടപ്പിൽ വരുത്തണം എന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.59 ഡോ. മഞ്ജുള കെ.വി പ്രമേയത്തെ പിന്താങ്ങി.

4.60 ഇതുവളരെ നല്ല പ്രമേയമാണെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

4.61 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.11

പ്രമേയം - Dr. SURESHKUMAR K.S

നവോത്ഥാന പ്രസ്ഥാനങ്ങളുടെ തുടർച്ചയായി ആരംഭിച്ച സ്കൂളുകളും കോളേജുകളും ആധുനീക കേരള സമൂഹത്തിന്റെ രൂപീകരണത്തിലും വളർച്ചയിലും നൽകിയ സംഭാവനകൾ നിസ്തുലമാണ്. ജാതി - മത ശക്തികൾ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള കേന്ദ്രങ്ങളായി വിദ്യാഭ്യാസ മേഖലയെ ദുരുപയോഗം ചെയ്യുന്ന സാഹചര്യം വളർന്നു വരുന്നു. ഈ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് മത നിരപേക്ഷ അക്കാദമിക സമൂഹം പടുത്തുയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി കണ്ണൂർ സർവ്വകലാശാലയുടെ പദ്ധതികൾ വിഭാവനം ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.62 ഡോ. ഷനോജ് എം പി പ്രമേയത്തെ പിന്താങ്ങി.

4.63 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.12

പ്രമേയം - Dr. SHANOJ M P

കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും ലൈബ്രറികളെ വെബ് നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ പദ്ധതിയായ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (KALNET) വിജയകരമായി പൂർത്തീകരിച്ചിരിക്കുന്നു. ഗവേഷകർക്ക് സംസ്ഥാനത്തെ എല്ലാ സർവ്വകലാശാല ലൈബ്രറികളിലെയും പുസ്ത ശേഖരങ്ങളെയും ജേർണലുകളെയും പ്രബന്ധങ്ങളെയും പറ്റി വിവരങ്ങൾ നൽകുകയും പ്രസക്തമായ ഉള്ളടക്കം ഇ-മെയിൽ വഴി ലഭ്യമാക്കുകയും ചെയ്യുന്ന ഈ സംവിധാനം ഉന്നത വിദ്യാഭ്യാസ രംഗത്തെ സുപ്രധാനമായ ചുവടുവയ്പാണ്. KALNET സംവിധാനം പ്രാവർത്തികമാക്കിയ KSHEC യെയും കേരള സർക്കാരിനെയും ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.

4.64 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

4.65 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.13

പ്രമേയം - Dr. R K BIJU

പരീക്ഷാ ജോലിയുടെ ഭാഗമായി അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള വേതനം തിരിച്ചു പിടിക്കുന്നതിന്റെ ഭാഗമായി കാലിക്കറ്റ്, എം.ജി, കേരള സർവ്വകലാശാലകൾ തയ്യാറാക്കിയ പട്ടികയും അനുബന്ധ ഉത്തരവുകളും ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ കോടതിയുടെ അന്തിമ ഉത്തരവുണ്ടാകുന്നതു വരെ സർവ്വകലാശാല പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കരുതെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.66 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.14

പ്രമേയം - Smt. LATHA E S

The Senate resolves to include the subject of Sociology also in the Academic Council. The University also does not have a list of Research guides. The same may be resolved at the earliest and thus ward off the anxieties of those who are in the mid way of Research.

4.67 പ്രമേയാവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.15

പ്രമേയം - Sri. K V UNNIKRISHNAN

സർവ്വകലാശാലയുടെ ഉപദേശക സമിതിയായ സെനറ്റിൽ ഏകകണ്ഠമായി അംഗീകരിച്ചു പാസ്സാക്കപ്പെടുന്ന ചോദ്യങ്ങളും പ്രമേയങ്ങളും തുടർനടപടികളിലൂടെ ഉത്തരവുകളായി ഇറങ്ങുന്നത് കാണുന്നില്ല. നടപടിക്രമങ്ങൾ പാലിച്ച് പെട്ടെന്ന് തന്നെ ഉത്തരവുകളായി ഇറക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

4.68 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.16

പ്രമേയം - Sri. K V UNNIKRISHNAN

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഉപയുക്തമാകുന്ന വിധത്തിൽ ചോദ്യപ്പേപ്പറുകളിൽ പരിഷ്കാരം വരുത്തുന്നതു സംബന്ധിച്ച ശുപാർശകൾ അംഗീകരിച്ച് മഹാത്മാ ഗാന്ധി സർവ്വകലാശാല ഉത്തരവു പുറപ്പെടുവിച്ചിരുന്നു. (നമ്പർ 615/ACA9/2021/MGU, Priyadarshini hills dated 27/01/2021) സാധാരണ അദ്ധ്യയനം സാദ്ധ്യമാകാതിരുന്ന സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകളെ ആശ്രയിച്ച വിദ്യാർത്ഥികൾ വിവിധങ്ങളായ ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ യു.ജി, പി.ജി പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകളിൽ നിലവിലുള്ള ചോദ്യ ബാങ്ക് സംവിധാനത്തെ ബാധിക്കാത്ത തരത്തിൽ പരിഷ്കാരം വരുത്തുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും പ്രത്യേക സാഹചര്യം പരിഗണിച്ച് വരാനുള്ള പരീക്ഷകൾക്കുള്ള ചോദ്യപ്പേപ്പറുകളിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ശുപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു.

സമാനമായ വിദ്യാർത്ഥി സൗഹൃദ നടപടികൾ കണ്ണൂർ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

4.69 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.17

പ്രമേയം - Smt. SONA P

കണ്ണൂർ സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരം മാങ്ങാട്ടുപറമ്പിൽ നിന്നും താവക്കരയിലേക്ക് മാറ്റിയിട്ട് വർഷങ്ങളായി. ഇപ്പോഴും മാങ്ങാട്ടുപറമ്പിലെ കെട്ടിട

സമുച്ചയങ്ങൾ മുഴുവനായും വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. മാങ്ങാട്ടു പറമ്പിലെ ക്യാമ്പസിലെ സൗകര്യങ്ങൾ അക്കാദമിക് മേഖലയുടെയും പൊതു സമൂഹത്തിന്റെയും വളർച്ചയ്ക്ക് പര്യാപ്തമാകുന്ന രീതിയിൽ പ്രയോജന പ്പെടുത്താ നുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം എന്ന് ഈ പ്രമേയ ത്തിലൂടെ ആവശ്യപ്പെടുന്നു.

4.70 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി.

4.71 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.18

പ്രമേയം - <u>Dr. SHANOJ M P</u>

കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസിലറുടെയും സിന്റിക്കേറ്റിന്റെയും നേതൃത്വ ത്തിൽ സെനറ്റും അക്കാദമിക് കൗൺസിലും പുന:സംഘടിപ്പിച്ച് സർവ്വകലാശാല അധികാര വികേന്ദ്രീകരണത്തിന്റെയും ജനാധിപത്യവൽക്കരണ ത്തിന്റെയും ഉത്തമ മാതൃക സൃഷ്ടിക്കുന്നുണ്ട്. ഇതിന് സർവ്വകലാശാലയെ പ്രത്യേകം അഭിനന്ദിക്കുന്നു. സർവ്വകലാശാല രജത ജൂബിലി ആഘോഷിക്കുന്ന വേളയിൽ യൂണിവേഴ്സിറ്റി സംവിധാനങ്ങളെ കൂടുതൽ ജനാധിപത്യവൽക്കരിച്ചു കൊണ്ട് സർവ്വകലാശാല മേഖലയുടെ വികസന മുന്നേറ്റത്തിന് നേതൃത്വപരമായ പങ്ക് വഹിക്കാൻ ഉതകുന്ന കർമ്മ പദ്ധതികൾ ആവിഷകരിച്ചു നടപ്പാക്കണം എന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.72 ശ്രീമതി. സോന പി പ്രമേയത്തെ പിന്താങ്ങി.

4.73 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.19

പ്രമേയം - <u>Dr. SURESHKUMAR K.S</u>

ദേശീയ ഗോശാസ്ത്ര പരീക്ഷകൾ നടത്തുവാൻ യു.ജി.സി. സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയത് പാരമ്പര്യ വാദത്തിലും പുനരുദ്ധാരണ വാദത്തിലും ഊന്നിയാണ്. സർവ്വകലാശാല പ്രവർത്തനങ്ങളെ മാറ്റി എഴുതാനുള്ള ശ്രമത്തിന്റെ ഭാഗമാണിത്. യുക്തിബോധവും ശാസ്ത്രബോധത്തിൽ ഊന്നിയ ജീവിത വീക്ഷണവും പരിപോഷിപ്പി ച്ചുകൊണ്ടാണ് ലോകമെമ്പാടുമുള്ള സർവ്വകലാശാലകൾ ആധുനിക സാമൂഹ്യ ക്രമത്തിന് ധൈഷണികമായ നേതൃത്വം നൽകിയത്. അതുകൊണ്ട് വിദ്യാർത്ഥികളിലും പൊതു സമൂഹത്തിലും യുക്തിബോധവും ശാസ്ത്രീയ സമീപനവും പരിപോഷിപ്പിക്കാൻ ഉതകുന്ന രീതിയിൽ സർവ്വകലാശാല സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.74 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

4.75 ഈ വിഷയത്തിൽ എച്ച് ആർ ഡിയുടെ കത്ത് സർവ്വകലാശാലക്ക് ലഭിച്ചിട്ടില്ലെന്ന് വൈസ് ചാൻസിലർ പറഞ്ഞു. ഇത് കാലിക പ്രാധാന്യമുള്ളവിഷയങ്ങളിൽ ഒന്നാണെന്നും ശാസ്ത്രം സമൂഹത്തിലെത്തിക്കുക എന്ന ഉത്തരവാദിത്തം നമുക്ക്

എല്ലാവർക്കും ഉള്ളതാണെന്ന് ഡോ. പ്രസാദൻ പി.കെ പറഞ്ഞു. Promotion of Science എന്ന രീതിയിൽ Zoology/Botany/Plant Science പ്രോഗ്രാമുകളിൽ Philosophy of Science ഒരു പേപ്പർ ആയി പഠിപ്പിക്കുന്നുണ്ടെന്നും ഇതുപോലെയുള്ള Certificate course കോഴ്സുകൾ മറ്റു വിഷയങ്ങളിൽ കൂടി നടത്തണമെന്നും ഡോ. പ്രസാദൻ പി.കെ അഭിപ്രായപ്പെട്ടു. Certificate course നടത്തിയാൽ അത് പഠിക്കാൻ കുട്ടികൾ ഉണ്ടാവുകയില്ലെന്ന് വൈസ് ചാൻസിലർ പറഞ്ഞു. അതിനാൽ ഇത് യു.ജിയിലും പി.ജിയിലും Science and Society, Scientific Temper തുടങ്ങിയ വിഷയങ്ങൾ ഒരു Introductory course ആയി ഉൾപ്പെടുത്താമെന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ചു. ഇത് പ്രമേയാവതാരകൻ അംഗീകരിച്ചു. ഇത്തരത്തിൽ പുതുക്കിയ പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No.20

പ്രമേയം - Smt. LATHA E S

A special drive for the promotion/placement of teachers to the various stages may be conducted by the University.

4.76 പ്രമേയാവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.21

പ്രമേയം - Smt. SONA P

സർവ്വകലാശാലകളിൽ 10 അന്തർ സർവ്വകലാശാല മികവിന്റെ കേന്ദ്രങ്ങൾ, കോളേജുകളിൽ 10% സീറ്റുവർദ്ധനവ്, ആയിരം പുതിയ അദ്ധ്യാപക തസ്തികകൾ, 500 പോസ്റ്റ് ഡോക്ടറൽ സ്കോളർഷിപ്പുകൾ, നിർദ്ധന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങാൻ ധനസഹായം, സൗജന്യ ഇന്റർനെറ്റ് സൗകര്യം എന്നിവ അനുവദിക്കാൻ തീരുമാനമെടുക്കുകയും, സർവ്വകലാശാലകളുടെ അടിസ്ഥാന വികസനത്തിന് 2000 കോടിയും, അഫിലിയേറ്റഡ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 1000 കോടിയും, അഫിലിയേറ്റഡ് കോളേജുകളിൽ ക്ലാസുകൾ ഡിജിറ്റലൈസ് ചെയ്യാൻ 150 കോടിയും അനുവദിക്കുകയും ചെയ്ത് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് 2021 ബജറ്റിൽ പ്രാമുഖ്യം നൽകുകയും യു.ജി.സി റെഗുലേഷൻസ് 2018 ലെ വ്യവസ്ഥകൾക്കും ഗവേഷണ മാനദണ്ഡങ്ങൾക്കും വിധേയമായി കോളേജ് അദ്ധ്യാപകർക്ക് പ്രൊഫസർ തസ്തിക നൽകാൻ തീരുമാനമെടുക്കുകയും എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്ക് എസ്.ഡി.ഒ പദവി അനുവദിക്കുകയും ചെയ്ത കേരള സർക്കാരിന്റെ തീരുമാനങ്ങളെ ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.

4.77 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി.

4.78 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.22

പ്രമേയം - Sri. SATHEESHAN P K

കണ്ണൂർ സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പരീക്ഷയുടെ 20.11.2020 തീയ്യതിയിലെ U.O: Exam/EAC1/1/32/2017 ഉത്തരവ് പ്രകാരം പരീക്ഷാ വേതനം പരിഷ്ക്കരിച്ചതിൽ ഒരു ദിവസം തന്നെ രാവിലെയും, ഉച്ചയ്ക്ക് ശേഷവും പരീക്ഷ നടത്തുമ്പോൾ വ്യത്യസ്ത വിഷയങ്ങളിലെ വിദ്യാർത്ഥികളാണ് പരീക്ഷയ്ക്ക് ഹാജരാവുന്നത്. രണ്ട് സെക്ഷനു കളിലായി വ്യത്യസ്ത ജോലിയാണ് ചെയ്യേണ്ടത്.

അനദ്ധ്യാപക ജീവനക്കാർക്കുള്ള വേതനം per day എന്നുള്ളത് per section എന്നാക്കി മാറ്റി ഭേദഗതി വരുത്തണമെന്നും ആയതിലുള്ള അനദ്ധ്യാപക ജീവനക്കാർക്കുള്ള വേതനം വർദ്ധനവ് നാമമാത്രമായിട്ടാണ് കാണുന്നത്. റഗുലർ വിദ്യാർത്ഥികളുടെ പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള വേതനം വളരെ നാമമാത്രമാണ്. ഇതു സംബന്ധിച്ചുള്ള അനോമിലി പരിഷ്കരിച്ച് വർദ്ധനവ് നടപ്പിലാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.79 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.23

പ്രമേയം - Sri. K V UNNIKRISHNAN

സാധാരണയായി ഒരു സർവ്വകലാശാലയിൽ സെനറ്റ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ അവകാശമാണ് അവരുടെ പേരിലുള്ള ലെറ്റർ പാഡും വിസിറ്റിംഗ് കാർഡും. പക്ഷെ ഇവ രണ്ടും സർവ്വകലാശാലയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കാവൂ എന്ന കാര്യത്തിൽ തർക്കമില്ല. സുദീർഘമായ നാലുവർഷക്കാലമാണ് ഇവരിൽ പലരുടെയും കാലാവധി. കണ്ണൂർ സർവ്വകലാശാലയിൽ ഈയൊരു ആവശ്യം ഉന്നയിച്ചപ്പോൾ മെമ്പർമാർക്ക് അതിന്റെയൊന്നും ആവശ്യമില്ല എന്ന നിലപാടാണ് സഭ സ്വീകരിച്ചത്. അതു പോലെത്തന്നെയാണ് അവരുടെ സിറ്റിംഗ് ഫീസും, യാത്രാബത്തയും. മെമ്പർമാരുടെ ഭാഗത്തുനിന്നുള്ള അപേക്ഷ കൂടാതെ തന്നെ ഹാജർനില നോക്കി ഇവയും അവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാവുന്നതേ ഉള്ളൂ. പക്ഷെ ഇതുവരെയും ഇതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടില്ല. സെനറ്റ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് രണ്ടു വർഷം പൂർത്തിയാകാറായിട്ടും എന്തു കൊണ്ടോ ഇത്തരം കാര്യങ്ങളിൽ വലിയ അശ്രദ്ധയും ഉപേക്ഷയും ഉണ്ടാകുന്നു. സഭാംഗങ്ങളുടെ മൗലികമായ ഈ ആവശ്യങ്ങൾ ഉടൻ തന്നെ പരിഗണിക്കപ്പെടണമെന്ന് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

4.80 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.24

പ്രമേയം - Dr. SWARUPA R

The meeting of the senate resolved to recommend the University to take initiative in the preparation of Question Bank for each subject so that the

issue of question preparations and out of syllabus questions in the question papers can be avoided.

4.81 പ്രമേയാവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.25

പ്രമേയം - Sri. VIJAYAKUMAR V

കണ്ണൂർ സർവ്വകലാശാലയിലെ സെമസ്റ്റർ പരീക്ഷകളുടെ മേൽനോട്ടത്തിന് Additional Chief (External examiner) നെ നിയമിക്കാത്തത് കൊണ്ട് പൊതുജനങ്ങൾക്കിടയിൽ സംശയവും സുതാര്യതകുറവും ഉണ്ടാകുന്നു. വിദൂര വിദ്യാഭ്യാസ പരീക്ഷകളുടെയും അവസ്ഥ മറ്റൊന്നല്ല. വിരലിലെണ്ണാവുന്ന സ്ക്വാഡുകൾ രൂപീകരിച്ച് സെമസ്റ്റർ പരീക്ഷകളിൽ ഒരു പ്രാവശ്യം മാത്രം പരീക്ഷ കേന്ദ്രത്തിൽ കയറിയിറങ്ങുന്നത് കൊണ്ട് മാത്രം പരീക്ഷ നടത്തിപ്പ് കുറ്റമറ്റതാകുന്നില്ല. എത്രും പെട്ടെന്ന് സർവ്വകലാശാല ഈയൊരു കാര്യത്തിൽ സാമ്പത്തിക നേട്ടം നോക്കാതെ Additional Chief examiners നെ പരീക്ഷാ കേന്ദ്രങ്ങളിൽ നിയമിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.82 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.26

പ്രമേയം - Dr. ISMAIL OLAYIKARA

മാങ്ങാട്ടുപറമ്പ ക്യാമ്പസിലെ സ്വിമ്മിംഗ് പൂൾ, ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് ട്രാക്ക്, ജിംനേഷ്യം എന്നീ സൗകര്യങ്ങൾ അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും കൂടി പരിശീലനത്തിന് അനുവദിച്ചു കൊടുത്തുകൊണ്ട് ഈ മേഖലയിലെ കായിക രംഗത്തിന്റെ വികസനത്തിന് സർവ്വകലാശാല നേതൃത്വപരമായ പങ്കുവഹിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.83 ശ്രീമതി സോന പി പ്രമേയത്തെ പിന്താങ്ങി.

4.84 പ്രമേയം തത്വത്തിൽ അംഗീകരിച്ചു.

Resolution No.27

പ്രമേയം - Dr. R K BIJU

22/12/2020 ന് നടന്ന സെനറ്റ് മീറ്റിംഗിൽ മുൻകൂട്ടി നൽകിയ അജണ്ടയുടെ ക്രമം തെറ്റിയാണ് വിഷയങ്ങൾ അവതരിപ്പിച്ചത്. ആയതിനാൽ പ്രസ്തുത മിനുട്ട്സും ഇതേ രീതിയിൽ ക്രമപ്പെടുത്തണമെന്ന് പ്രമേയ ത്തിലൂടെ ആവശ്യപ്പെടുന്നു.

4.85 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.28

പ്രമേയം - Sri. SAJU P J

അന്തർ സർവ്വകലാശാല മാറ്റം മുഖേനയും പി.എസ്.സി മുഖേന നേരിട്ടും നിയമിതരായ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണം ലഭ്യമാക്കി ഇവരുടെ സീനിയോരിറ്റി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സർവ്വകലാശാല അധികാരികളോട് ആവശ്യപ്പെടുന്നു.

4.86 ശ്രീ. സാജു പി ജെ ക്ക് നെറ്റ് വർക്ക് കണക്ഷനില്ലാത്തതിനാൽ ചെയറിന്റെ അനുമതിയോടെ ഡോ. ടി.പി അഷ്റഫ് പ്രമേയം അവതരിപ്പിച്ചു.

4.87 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

4.88 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.29

പ്രമേയം - Sri. SAJU P J

കണ്ണൂർ യൂണിവേഴ്സിറ്റിയ്ക്ക് താവക്കരയിൽ സ്ഥലമേറ്റെടുത്തത് സംബന്ധിച്ച് വിവിധ കോടതികളിൽ നിന്നും, സ്ഥലത്തിന്റെ വില സംബന്ധിച്ച് വിധികൾ വരികയുണ്ടായി. വില നിർണ്ണയ കമ്മിറ്റി നിശ്ചയിച്ചതിലും അധികം തുക ഇപ്പോൾ അധികം നൽകേണ്ടതായി വരുന്നു. ഏകദേശം 16 കോടിയോളം രൂപ ഇപ്പോൾ നമ്മൾ നൽകേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അഡ്വക്കറ്റ് കമ്മീഷൻ പരിശോധനക്കെത്തിയപ്പോൾ സർവ്വകലാശാല അധികാരികളോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ അവിടെയുണ്ടായിരുന്നില്ല. ഇത് സംബന്ധിച്ച് സർവ്വകലാശാല യുടെ ഭാഗത്ത് എന്തെങ്കിലും വീഴ്ചപറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.89 ശ്രീ. സാജു പി ജെ ക്ക് നെറ്റ് വർക്ക് കണക്ഷനില്ലാത്തതിനാൽ ചെയറിന്റെ അനുമതിയോടെ ശ്രീ. പ്രമോദ് കുമാർ കെ.വി പ്രമേയം അവതരിപ്പിച്ചു.

4.90 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി.

4.91 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.30

പ്രമേയം - Dr. ISMAIL OLAYIKARA

നവകേരളം യുവകേരളം പരിപാടിയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചകൾ ശ്രദ്ധേയവും അഭിനന്ദനാർഹവുമാണ്. നവകേരളം യുവകേരളം പരിപാടിയിൽ വിദ്യാർത്ഥികൾ ഉന്നയിച്ച ആവശ്യങ്ങൾക്ക് സർവ്വകലാശാല മുൻഗണന നൽകി നടപ്പാക്കണമെന്ന് ആ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.92 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി.

4.93 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.31

പ്രമേയം - Sri. SATHEESHAN P K

സർവ്വകലാശാലയിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഊരാളുങ്കൽ സൊസൈറ്റിക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 20% മാത്രമേ നൽകുവാൻ പാടുള്ളൂ എന്നിരിക്കെ ഈ ഇനത്തിൽ 50 ശതമാനത്തിൽ കൂടുതൽ നൽകിയത് നിയമത്തിനും ചട്ടത്തിനും വിരുദ്ധമാണെന്ന് മനസ്സിലാക്കുന്നു. ആയതിനാൽ ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.94 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

<u>അടിയന്തിര പ്രമേയം</u>

4.95 ഡോ. ഇസ്മായിൽ ഓലായിക്കര അടിയന്തിര പ്രമേയം അവതരിപ്പിച്ചു. കോവിഡ് കാലത്തും അതിനെത്തുടർന്നും നടക്കുന്ന പാഠ്യപ്രവർത്തനങ്ങളിൽ കൃത്യമായി പങ്കെടുക്കാൻ പറ്റാത്ത ധാരാളം വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി യുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്നുണ്ട്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളും സാമൂഹികമായും സാമ്പത്തികമായും അരിക്‌വൽക്കരിക്കപ്പെട്ട വിദ്യാർത്ഥികളും ഈ കാലഘട്ടത്തിൽ അനുഭവിച്ച പ്രയാസങ്ങളെക്കുറിച്ച് പഠിക്കുന്നത് ഭാവിയിലും ഇത്തരം സാഹചര്യം വരുമ്പോൾ മുൻകരുതലെടുക്കാൻ സഹായകമായിരിക്കും. അതിനാൽ ഈ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് യൂണിവേഴ്സിറ്റി വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കണമെന്നും ആവശ്യമായ പരിഹാരനടപടികൾ സ്വീകരിച്ചു നടപ്പാക്കണമെന്നും ഈ അടിയന്തിര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

4.96 21 പേർ പ്രമേയത്തെ പിന്താങ്ങി.

4.97 അടിയന്തിര പ്രമേയം സഭ അംഗീകരിച്ചു.

<u>ഔദ്യോഗിക പ്രമേയം</u>

4.98 ഡോ. ടി.പി അഷ്റഫ് ഒന്നാമത്തെ ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചു. ഭരണഘടനാ മൂല്യങ്ങൾ ആയ ജനാധിപത്യവും മതേതരത്വവും അടിസ്ഥാനമാക്കിയുള്ള വൈജ്ഞാനിക സംവാദങ്ങൾ ഉയർന്നുവരേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. മതനിരപേക്ഷമായ സാമൂഹ്യസൃഷ്ടിയും തുല്യതയിൽ അധിഷ്ഠിതമായ സഹവർത്തിത്വവും ആരോഗ്യകരമായ സമൂഹത്തിന്റെ അനിവാര്യതയാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുസമൂഹത്തിലും ശാസ്ത്രബോധവും മതേതര ജനാധിപത്യവും ഉയർത്തിപ്പിടിച്ച് സംവാദാത്മകമായ ഇടപെടലുകളിലൂടെ സമൂഹത്തിന്റെ വൈജ്ഞാനിക മണ്ഡലങ്ങളിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിൽ നേതൃപരമായ പങ്ക് നിർവഹിക്കുന്നതിൽ സർവ്വകലാശാല പ്രതിജ്ഞാബദ്ധ മാണെന്ന് ഈ ഔദ്യോഗിക പ്രമേയത്തിലൂടെ അറിയിക്കുന്നു.

4.99 ഡോ. കെ.ടി ചന്ദ്രമോഹനൻ പ്രമേയത്തെ പിന്താങ്ങി.

4.100 ഔദ്യോഗിക പ്രമേയം സഭ അംഗീകരിച്ചു.

4.101 ശ്രീ. പ്രമോദ് കുമാർ കെ.വി രണ്ടാമത്തെ ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗ്രോസ് എൻ റോൾമെന്റ് റേഷ്യോ (GER) ഇപ്പോഴും പരിമിതമായ രീതിയിൽ തുടരുകയാണ്. NEP 2020 മുന്നോട്ടുവെച്ച കണക്ക് പ്രകാരം GER 2018 ൽ 26% മാത്രമാണ്. 2030 ഓടുകൂടി ഇത് 50% ആകുമെന്നും NEPപറയുന്നു. ഈ അവസരത്തിൽ ചർച്ചകൾ ഒന്നുമില്ലാതെ അക്കാദമിക് ബാങ്ക് ഓഫ് ക്രഡിറ്റ്സ് നടപ്പിലാക്കുന്നത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ടുതന്നെ ധൃതിപിടിച്ച് അക്കാദമിക് ബാങ്ക് ഓഫ് ക്രഡിറ്റ്സ് റഗുലേഷൻ നടപ്പിലാക്കുന്നതിൽ നിന്നും യുജിസി പിന്തിരിയണമെന്ന് ഈ പ്രമേയം ആവശ്യപ്പെടുന്നു.

4.102 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

4.103 ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കാര്യത്തിൽ സർവ്വകലാശാല ഇതുവരെ നിലപാട് വ്യക്തമാക്കിയിട്ടില്ലെന്നും NEP സർവ്വകലാശാല അംഗീകരിക്കുന്നുണ്ടോ എന്ന് ഗവർണർ തന്നോട് ചോദിച്ചതായും വൈസ് ചാൻസിലർ യോഗത്തെ അറിയിച്ചു.

4.104 അത്യന്തം അപകടകരമായ ഒരുപാട് ആശയങ്ങൾ കുത്തി നിറച്ചിട്ടുള്ളതാണ് 2020-ലെ ദേശീയ വിദ്യാഭ്യാസ നയമെന്ന് പ്രമേയാവതാരകൻ കൂടിയായ ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. ആമുഖത്തിൽ പലകാര്യങ്ങളും പറയുന്നുണ്ടെങ്കിലും പോളിസിയുടെ അജണ്ടയിൽ വരുമ്പോൾ സിലബസുകളും സ്ഥാപനങ്ങളും നാളെ ഉണ്ടാവുമോ എന്ന ആശങ്കയുണ്ട്.

4.105 2030 ഓടെ അഫിലിയേഷൻ സമ്പ്രദായം ഇല്ലാതാക്കണമെന്നും ഓട്ടോണമസ് കോളേജുകളാക്കി തുടങ്ങണമെന്നും പഠിക്കുവാൻ സ്ഥാപനങ്ങൾ വേണമെന്നില്ലെന്നും ഓൺലൈൻ കോഴ്സുകൾ മതിയെന്നും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. സ്ഥാപനത്തിലേക്ക് വിദ്യാർത്ഥികൾ വരാതെ തന്നെ ഡിഗ്രി സമ്പാദിക്കാമെന്ന് പറയുമ്പോൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യണമോ എന്ന ചോദ്യമുണ്ട്. മാത്രമല്ല, സാമ്പ്രദായിക വിദ്യാഭ്യാസത്തിന് പകരം ഓൺലൈൻ കോഴ്സുകൾ ശുപാർശ ചെയ്യുന്ന ശക്തമായ ഒരു തന്ത്രം അതിന് പിറകിലുണ്ട്. നമ്മുടെ സിസ്റ്റം സ്വകാര്യവത്കരിക്കുന്ന നടപടിയാണ് ഉണ്ടാവുന്നത്. സിസ്റ്റം നിലനിൽക്കേണമോ ഓട്ടോണമസാക്കണമോ എന്നുള്ളതാണ് വലിയ ഒരു ചോദ്യമായി നിലനിൽക്കുന്നത്.

4.106 സർവ്വകലാശാലയിൽ ഇത് സംബന്ധിച്ച വലിയ ചർച്ചകളും സെമിനാറുകളും ഉണ്ടാവേണ്ടതാണ്. ഒരു തലത്തിൽ സ്വീകാര്യമെന്ന് തോന്നിപ്പിക്കുകയും മറു തലത്തിൽ അത് നിരാകരിക്കപ്പെടുകയും ചെയ്യുന്ന സമർത്ഥമായിട്ടുള്ള ഒരു സമീപനമാണ് NEP യുടെ ഭാഷയിലും ആശയത്തിലും ഉള്ളത്. National Education Policy അംഗീകരിക്കുന്നുണ്ടോ എന്നുള്ള കാര്യം സർവ്വകലാശാല തീരുമാനിക്കണമെന്ന് വൈസ് ചാൻസിലർ അറിയിച്ചു. NEP വിശദമായി പരിശോധിച്ചതിനു ശേഷം മാത്രമേ വ്യക്തമായ അഭിപ്രായം പറയാൻ പറ്റുകയുള്ളൂ എന്ന് ഡോ. കെ.ടി ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. NEP യുടെ ആശയങ്ങൾ ജനാധിപത്യ വിരുദ്ധമാണെന്ന് ശ്രീ. പ്രമോദ് കുമാർ കെ.വി

അഭിപ്രായപ്പെട്ടു. യഥാർത്ഥത്തിൽ 3 സികൾ (Centralisation, Communalisation and Commercialisation) ആണ് NEP യിൽ ഉള്ളതെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടതായി ശ്രീ.പ്രമോദ് കുമാർ കെ.വി അറിയിച്ചു. ഇത്തരം വസ്തുതകൾകൂടി ചേർത്തുകൊണ്ട് പ്രമേയം അംഗീകരിക്കണമെന്ന് വൈസ് ചാൻസിലർ അറിയിച്ചു. പ്രമേയാവതാരകൻ ഇത് അംഗീകരിക്കുകയും വൈസ് ചാൻസിലർ പ്രമേയം പാസ്സായതായി യോഗത്തെ അറിയിക്കുകയും ചെയ്തു.

4.107 യോഗം ഉച്ചക്ക് 12.45 മണിയോടെ അവസാനിച്ചു.

20/04/21

VICE CHANCELLOR

Pro-Vice-Chancellor

(VC i/c)